# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെല്ലനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1113/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/09/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1113/2021 തീയ്യതി: 09/09/2021

## തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-03-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ. | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി.അനീഷ.എസ്.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശാലിനി.വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.മെർലിൻ ജേക്കബ്, ഓഡിറ്റർ
ശ്രീമതി.ആര്യാകൃഷ്ണൻ.എ.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീ.സുജിത്.എസ്.കുറുപ്പ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ചന്ദ്രബാബു.എസ് | സെക്രട്ടറി | 01-04-2019 | 10-07-2019 |
| ശ്രീ.സജുകുമാർ.വി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2019 | 24-07-2019 |
| ശ്രീ.അഷ്റഫ്.എം | സെക്രട്ടറി | 25-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമീന.എൻ | കൃഷി ഓഫീസർ | 01-04-2019 | 20-10-2019 |
| ശ്രീമതി. സുമ റോസ് സുന്ദരൻ | കൃഷി ഓഫീസർ | 21-10-2019 | 31-03-2020 |
| ഡോ.അനിൽകുമാർ | വെറ്റിനറി സർജൻ | 01-04-2019 | 31-07-2019 |
| ഡോ.ബാബുരാജ് | വെറ്റിനറി സർജൻ | 01-08-2019 | 06-11-2019 |
| ഡോ.ബൈജു | വെറ്റിനറി സർജൻ | 07-11-2019 | 21-01-2020 |
| ഡോ.എസ്.എസ്.സുനിത | വെറ്റിനറി സർജൻ | 22-01-2020 | 31-03-2020 |
| ഡോ.സജികുമാർ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി/ സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി. ദീപ്തി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. ആഹോഷ്.എസ്.ദർശൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2019 | 31-03-2020 |
| ശ്രീ. മഞ്ചേഷ്.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി.മരിയ.എം.ബേബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 29-10-2019 |
| ശ്രീമതി.ആതിര.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 30-10-2019 | 31-03-2020 |
| ശ്രീമതി.രാധാമണി.കെ.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |

| | | | |
|---|---|---|---|
| ശ്രീ.ഷിബു | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീമതി.നിർമ്മലാദേവി.എസ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.സജുകുമാർ.വി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arya Krishnan A.R (Auditor, On 25-07-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-1 |
| 2 | ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത<br>Written By: Arya Krishnan A.R (Auditor, On 30-07-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Shalini V K (Senior Grade Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-4 |
| 7 | മറ്റു ഫണ്ടുകൾ<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-4-1 |
| 8 | തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-4-2 |
| 9 | ഗ്രാന്റ് വിനിയോഗം-മേഖല വകയിരുത്തലുകൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-4-3 |
| 10 | പദ്ധതി അവലോകനം<br>Written By: ANISHA . S.B (Senior Grade Auditor, On 01-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arya Krishnan A.R (Auditor, On 25-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-6 |
| 12 | തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം അവലോകനം<br>Written By: Arya Krishnan A.R (Auditor, On 25-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-09-2021) | 1-6-1 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ബില്ലുകളിൽ നിന്നും ജി.എസ്.ടി,റ്റി.ഡി.എസ് എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-6-2 |
| 14 | ക്ഷേമ പദ്ധതികൾ<br>Written By: Merlin Jacob (Auditor, On 01-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-7 |
| 15 | കേരള കർഷക തൊഴിലാളി പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-7-1 |
| 16 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-7-2 |
| 17 | വികലാംഗ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി | 1-7-3 |

| | | |
|---|---|---|
| | തീർപ്പാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | |
| 18 | ദേശീയ വാർദ്ധ്യകകാല പെൻഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-7-4 |
| 19 | തൊഴിൽരഹിത വേതന വിതരണത്തിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-7-5 |
| 20 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-9 |
| 22 | രസീത് പരിശോധന-അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 28-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-10 |
| 23 | തൊഴിൽ നികുതി- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-11 |
| 24 | ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനികുതി ഈടാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-11-1 |
| 25 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-11-2 |
| 26 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-11-3 |
| 27 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-11-4 |
| 28 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-11-5 |
| 29 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-12 |
| 30 | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-12-1 |
| 31 | വ്യാജലൈസൻസിൽ സ്ഥാപനം പ്രവർത്തിച്ചു<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-12-2 |
| 32 | ക്വാറി ലൈസൻസ്- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-12-3 |
| 33 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-13 |
| 34 | വസ്തുനികുതിനിർണയം- ഫോറം-6 പരിശോധനയ്ക്ക് | 1-13-1 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | |
| 35 | ഡേറ്റാ പ്യൂരിഫിക്കേഷൻ- ഫോറം 6 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-13-2 |
| 36 | സഞ്ചയയിലെ കെട്ടിടത്തിന്റെ ഉപയോഗക്രമവും ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-13-3 |
| 37 | സേവന ഉപനികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-13-4 |
| 38 | ഷോപ്പിംഗ് കോംപ്ലക്സ് -വാടക- ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-14 |
| 39 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- ആനുപാതിക വർദ്ധനവ് വരുത്തിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-14-1 |
| 40 | ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം-ലേലം- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-14-2 |
| 41 | ബിൽഡിംഗ് പെർമിറ്റ്- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-15 |
| 42 | പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് കെട്ടിട നിർമ്മാണം<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-15-1 |
| 43 | മാർക്കറ്റ് ലേലം - അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-16 |
| 44 | മരങ്ങളുടെ ലേലം- തുടർനടപടി വിവരം ലഭ്യമാക്കിയിട്ടല്ല<br>Written By: Shalini V K (Senior Grade Auditor, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-16-1 |
| 45 | അനധികൃത മണ്ണ് ഖനനം- തുടർനടപടി വിവരം ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-16-2 |
| 46 | ആസ്തി സംരക്ഷണം- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 28-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-17 |
| 47 | ആസ്തി പരിപാലന കമ്മിറ്റി- രേഖകൾ ഹാജരാക്കിയില്ല<br>Written By: Arya Krishnan A.R (Auditor, On 28-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-17-1 |
| 48 | ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 28-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-17-2 |
| 49 | ആസ്തി സംരക്ഷണം ഫലപ്രദമല്ല.<br>Written By: Arya Krishnan A.R (Auditor, On 28-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-17-3 |
| 50 | ക്ഷീരവികസന മേഖലയിൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-18 |
| 51 | വിദ്യാഭ്യാസ മേഖലയിൽ നിർവ്വഹിച്ച പ്രോജക്ടുകളിലെ | 1-19 |

| | | |
|---|---|---|
| | അപാകതകൾ<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | |
| 52 | വിഭവങ്ങളുടെ വ്യക്തമായ ധാരണയില്ലാതെ പ്രോജക്ട് രൂപീകരിച്ചു<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-19-1 |
| 53 | തുല്യതാ സാക്ഷരതാ പരിപാടി - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-19-2 |
| 54 | പ്രൈമറി സ്കൂളിലെ നിർധന വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- ചെലവു രേഖകൾ ഹാജരാക്കിയില്ല<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-19-3 |
| 55 | ആരോഗ്യരംഗം - മെഡിക്കൽ ഓഫീസർ- ആയുർവേദം നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-20 |
| 56 | ബിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-20-1 |
| 57 | മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ കരാർ ഇല്ല<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-20-2 |
| 58 | മരുന്നുകൾ കൃത്യമായി ലഭ്യമാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-20-3 |
| 59 | കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ സ്വീകരിച്ചു<br>Written By: Merlin Jacob (Auditor, On 31-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-20-4 |
| 60 | കാർഷിക മേഖല- പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല.<br>Written By: Arya Krishnan A.R (Auditor, On 28-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-21 |
| 61 | പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-22 |
| 62 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-23 |
| 63 | എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ പൊതുമരാമത്തു ചട്ടം പാലിക്കപ്പെടുന്നില്ല.<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-24 |
| 64 | ഡിപ്പാർട്ടുമെന്റ് വക പാറയുടെ വില ഈടാക്കിയില്ല<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: K Sreeja (Deputy Director, On 15-09-2021) | 1-25 |
| 65 | ഗുണഭോക്തൃസമിതിയെ ഏല്പിച്ച പ്രവൃത്തി കരാറുകാരനു നൽകി-സർക്കാർ ഉത്തരവിന്റെ ലംഘനം.<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-26 |
| 66 | കെൽട്രോണിൽ നിന്ന് തുക തിരികെ ഈടാക്കിയില്ല<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-27 |
| 67 | തനത് ഫണ്ടിൽ നിന്നും പദ്ധതിക്കായി കൈപ്പറ്റിയ തുക-ക്രമീകരിച്ചിട്ടില്ല | 1-28 |

| | | |
|---|---|---|
| | Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | |
| 68 | മുൻകൂറുകൾ-ക്രമീകരിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-29 |
| 69 | പദ്ധതി ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-30 |
| 70 | ലാപ് ടോപ്പ് വാങ്ങൽ അപാകതകൾ<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-08-2021) | 1-31 |
| 71 | ഇൻവോയിസ് തുകയും ബിൽ തുകയും പോരുത്തപ്പെടുന്നില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-31-1 |
| 72 | സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണമല്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-31-2 |
| 73 | അനർഹർ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല എന്ന് ഉറപ്പാക്കേണ്ടതാണ്.<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-31-3 |
| 74 | ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടു<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-31-4 |
| 75 | ശിശുക്ഷേമ മേഖലയിൽ നിർവ്വഹിച്ച പദ്ധതികൾ<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-32 |
| 76 | പ്രോജക്ട് നിർവ്വഹണത്തിൽ കാലതാമസം നേരിട്ടു<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-32-1 |
| 77 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-32-2 |
| 78 | ഹോളോ ബ്രിക് യൂണിറ്റ് - കുടുംബശ്രീക്ക് യൂണിറ്റ് കൈമാറി - പദ്ധതി പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 01-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-33 |
| 79 | NREGS ബ്രിക് യൂണിറ്റ്- ഇലക്ട്രിഫിക്കേഷൻ- കരാർ ലഭ്യമാക്കിയില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-33-1 |
| 80 | ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 1-33-2 |
| 81 | ലൈഫ് ഭവന പദ്ധതി- പരിശോധനാ റിപ്പോർട്ട് സ്റ്റേജ് സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-34 |
| 82 | ബഡ്സ് സ്കൂൾ വാഹനം വാടകയ്ക്കെടുക്കൽ- അപാകതകൾ<br>Written By: ANISHA . S.B (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 1-35 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 4-7 |
| 8 | ചാർജ്-സർചാർജ് നടപടികളുടെ വിവരം<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arya Krishnan A.R (Auditor, On 01-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ്, 15.02.2019 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും പരിഷ്കരിച്ച ബജറ്റ് 31.03.2020-ലെ 4/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ 41,57,21,609/-രൂപയും പ്രതീക്ഷിത ചെലവ് 38,90,44,735/- രൂപയും നീക്കിയിരിപ്പ് 2,66,76,874/- രൂപയുമാണ്. ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത

1. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/പരിഷ്കരിച്ച ബജറ്റിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് |
|---|---|---|---|
| 2501012 | Agriculture And Related Sectors-Plantain | 1,00,000/- | 0 |
| 2501041 | Animal Husbandry- Disease Control | 5,10,000/- | 0 |
| 2501060 | Fish Marketing | 50,000/- | 0 |
| 2511008 | Youth Welfare | 1,20,000/- | 0 |
| 2511010 | Arts And Culture | 2,00,000/- | 0 |
| 2513007 | Welfare Programs For The Destitute | 29,80,000/- | 0 |
| 2513011 | Special Programs For Scheduled Tribe-TSP | 1,24,000/- | 0 |
| 2523201 | Purchase Of Vehicles | 25,00,000/- | 0 |
| 2531006 | Asraya Projects For Rehabilitation Of Destitute | 34,00,000/- | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.41/26.07.2021) ലഭ്യമാക്കിയ മറുപടിയിൽ, 2019-2020 പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന ചെലവുകൾ കൃഷി, മൃഗസംരക്ഷണം എന്നിവ ഉൾപ്പെടെ ബജറ്റിലെ വിവിധ ഹെഡുകളിൽ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ, ഇതുമായി ബന്ധപ്പെട്ട എല്ലാ ഹെഡുകളിലും ചെലവ് ഉൾപ്പെടുകയില്ലായെന്നും അറിയിച്ചു. പ്രസ്തുത മറുപടി സാധൂകരിക്കത്തക്കതല്ല. പരിശോധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

2. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ നാമമാത്രമായ തുക ചെലവഴിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് (എ.എഫ്.എസ്. പ്രകാരം) | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പരിഷ്കരിച്ചത്) | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 220400101 | Insurance Of Vehicles | 11,20,000/- | 29,159/- |
| 220510102 | Legal Expenses Other Than For Recoveries | 2,00,000/- | 30,000/- |
| 220700101 | Election Expenses | 2,00,000/- | 4,677/- |
| 230500499 | Repairs & Maintenance – Culverts & Bridges | 25,000/- | 4,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.41/26.07.2021) മറുപടിയിൽ ബജറ്റിലെ വിവിധ ഹെഡുകളിൽ തുക രേഖപ്പെടുത്തിയെങ്കിലും ആ സാമ്പത്തിക വർഷം എല്ലാ ഹെഡിലും അത്രയും തുക ചെലവ് വരാത്തതിനാലാണ് തുക ചെലവഴിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി പരിഗണിക്കാവുന്നതല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 18.6.2020 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. ട്രയൽ ബാലൻസിന്റെ ക്ലോസിംഗ് ബാലൻസ് കോളത്തിൽ ഒരേ ഇനത്തിന് ഡെബിറ്റ്, ക്രെഡിറ്റ് കോളത്തിൽ തുക രേഖപ്പെടുത്തിയിരിക്കുന്നു.

2. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും(5961773) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (6778818) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തിയിട്ടില്ല.

4. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

6. ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 001400000007), ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| Head Code | Description | Debit | Credit |
|---|---|---|---|
| 450100101 | Opening Balance | 501916 | 755024<br>155359 |
| 3.5.2019 | ട്രഷറി ടി.എസ്.ബി അക്കൗണ്ട് | | -408467 |
| | Closing Balance | (408467) | |

7. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ 1,20,000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും RP-7ൽ ആയത് ഉൾപ്പെട്ടിട്ടില്ല.

8. ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് B4 ഷെഡ്യൂൾ പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് 3125375 രൂപയാണ്. എന്നാൽ B-17 പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ് 3132375/- രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. B4 Schedule പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 2,65,579/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

10. B11 Schedule പ്രകാരമുള്ള Movable Assets- Vehicles, Movable Assets -Others എന്നിവയ്ക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

11. B-18 Schedule പ്രകാരമുള്ള ഹെഡ് കോഡ് 460500501ന്റെ നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കിയിട്ടില്ല.

12. കാഷ് ബുക്ക് 27.8.2019ൽ 1,01,485/- രൂപയും 26.8.2019ൽ 1,08,440/- രൂപയും 8.8.2019ൽ 10,844/- രൂപയുടേയും ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു.

13. തൊഴിൽനികുതി, ലൈസൻസ്, ഷോപ്പിംഗ് കോംപ്ലക്സ് വാടക എന്നിവയുടെ രജിസ്റ്ററുകളിൽ ഡി.സി.ബി പത്രിക എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാലും സഞ്ചയ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

14. B-18 Schedule പ്രകാരമുള്ള ഹെഡ് കോഡ് 460500501 ലെ Advance To Implementing Officers 82,000/- രൂപ ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

15. B2 Schedule പ്രകാരം Panchayath Distress Relief Fund നീക്കിയിരിപ്പ് 4037 രൂപയാണ്. B17 Schedule പ്രകാരം ആയത് 9037/- രൂപ ആണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് | ചെക്ക് നം.തീയതി | തുക |
|---|---|---|
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ(Own Fund) | 38192/5.2.2018 | 2480 |
| | 100902/18.2.016 | 3500 |
| | 38192/5.2.2018 | 2480 |
| | 018405/28.5.2015 | 350 |
| ട്രഷറി ടി.എസ്.ബി അക്കൗണ്ട് | 2263622/22.6.2018 | 1315 |
| | 2263623/25.6.2018 | 3944 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 36 നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,42,56,553/- |
| വരവ് | 10,57,81,457/- |
| ആകെ | 15,00,38,010/- |
| ചെലവ് | 9,90,02,639/- |
| നീക്കിയിരിപ്പ് | 5,10,35,371/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ക്യൂബിൽ | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 12707932 | 12707932 | 14044291 | -1336359 | - | *(1) |
| വികസന ഫണ്ട് - TSP | 0 | 0 | 0 | 0 | 0 | - | - |
| വികസന ഫണ്ട്- SCP | 0 | 9269529 | 9269529 | 6598720 | 2670809 | - | *(2) |
| ധനകാര്യ കമ്മീഷൻ അവാർഡ്(Untied) | 0 | 11526842 | 11526842 | 7148742 | 4378100 | - | - |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 0 | 4363000 | 4363000 | 3978752 | 384248 | - | - |
| മെയിന്റനൻസ് ഫണ്ട്- | 0 | 24537000 | 24537000 | 10852151 | 13684849 | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| റോഡ് | | | | | | | |

*(1) ACR/RP7 പ്രകാരം ഉള്ള വരവ് 1,16,75,223/-

*(2) ACR/RP7 പ്രകാരം ഉള്ള വരവ് 61,72,249/-

വികസന ഫണ്ട് ജനറലിന്റെ നീക്കിയിരിപ്പ് തുക -Ve ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ട് – SCP, ധനകാര്യ കമ്മീഷൻ അവാർഡ് (Unified), മെയിന്റനൻസ് ഫണ്ട് എന്നിവയിൽ വൻതുക ലാപ്സായിട്ടുണ്ട്. പ്രസ്തുത വ്യത്യാസങ്ങൾ ഗവ. ഉത്തരവ് പ്രകാരം ചെലവാക്കിയ തുകയാണെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.32/26-07-2021ന്റെ മറുപടി).

## 1-4-1 മറ്റു ഫണ്ടുകൾ

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| CSS: NREGS | 27955 | 1318057 | 1346052 | 860537 | 485475 |
| CSS: SSA | 127824 | 22531 | 150355 | 0 | 150355 |
| CSS: ICDS | 1001150 | 953245 | 1954395 | 408572 | 1545823 |
| Literacy Scheme Grant | 90591 | 1074 | 91665 | 0 | 91665 |
| Grants For Suchithwa Mission | 2640000 | 1513230 | 4153230 | 951300 | 3201930 |
| Grants For Keralolsavam | 20000 | 20000 | 40000 | 40000 | 0 |
| Grants, Funds& Contributions For Specific Purposes- Other Gov. Agencies | 250546 | 10135655 | 10386201 | 9920655 | 465546 |
| Contributions For Joint Venture Projects- Form Block Panchayaths | 1963375 | 3143627 | 5107002 | 1981627 | 3125375 |
| Contributions For Joint Venture Projects- Form District Panchayaths | 0 | 2148146 | 2148146 | 2148146 | 0 |
| CSS: Total Sanitation Campaign (TSC) | 1010000 | 0 | 1010000 | 925000 | 85000 |
| Grants, Funds & Contributions For Specific Purposes – Other Then Specific Develpoment Fund & State Sponsore | 200000 | 0 | 0 | 0 | 200000 |

## 1-4-2 തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

2018-2019, 2019-2020, 2020-2021 വർഷത്തെ AFS പരിശോധിച്ചതിൽ താഴെപ്പറയുന്ന തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

| ഹെഡ് കോഡ് | 2018-2019 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2019-2020 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2020-2021 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 320200304 | 2,00,000 | 2,00,000 | 2,00,000 |
| 320800101 | 2,71,219 | 2,65,579 | 2,65,579 |
| 320700104 | 15,00,000 | 15,00,000 | 15,00,000 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/26.07.2021) ഇവ ചെലവഴിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണെന്നു മറുപടി നൽകി.

## 1-4-3 ഗ്രാന്റ് വിനിയോഗം-മേഖല വകയിരുത്തലുകൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല

ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിനു വേണ്ടി 29.01.2018 ലെ പദ്ധതി മാർഗ്ഗരേഖ രേഖ സ.ഉ.(കൈ)11/2018 /തസ്വഭവ 5.4.1 പ്രകാരം പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങൾ വിഭജിച്ച് ഉല്പാദനം, സേവനം, പശ്ചാത്തലം മുതലായ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തണമെന്നിരിക്കെ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വകയിരുത്തലുകൾ കണക്കാക്കിയിരിക്കുന്നത് ലഭ്യമായ സുരേഖ-ചെലവു പത്രികകൾ പ്രകാരമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 5.4.1(3) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണവിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 ശതമാനമെങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| മേഖല | ഉത്പാദനം |
|---|---|
| സാധാരണവിഹിതം ആകെ അ-ടങ്കൽ | 19106968 |
| മേഖലയ്ക്ക് വകയിരുത്തിയ സാധാരണവിഹിതം അടങ്കൽ | 4948835 |
| ശതമാനം | 25.90% |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (52/30.07.2021) മറുപടി ലഭ്യമാക്കിയില്ല.

2) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 5.4.1(4) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണവിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (52/30.07.2021) മറുപടി ലഭ്യമാക്കിയില്ല.

3) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 5.4.1(8) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ വികസനഫണ്ടുപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയപ്പോൾ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ |
|---|---|
| 31/കറവപ്പശുക്കൾക്ക് കാലിത്തീറ്റ – വനിത പദ്ധതി | 1700000 |
| 131/ ആട്ട വളർത്തൽ (വനിതകൾ) | 96000 |
| 132/കറവപ്പശുക്കൾക്ക് കാലിത്തീറ്റ – വനിത പദ്ധതി | 130587 |
| 129/ കാലിത്തൊഴുത്ത് നവീകരണം(വനിത)- എസ് സി പി | 240000 |
| ആകെ പ്രോജക്ട് അടങ്കൽ | 2166587 |
| വികസന ഫണ്ട് അടങ്കൽ | 30629620 |
| ശതമാനം | 7.07% |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (52/30.07.2021) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത അപാകതകൾ നിലനിൽക്കെ പദ്ധതിയ്ക്ക് DPC അംഗീകാരം ലഭ്യമായത് എപ്രകാരം ആണെന്നു വ്യക്തമല്ല.

മാർഗരേഖക്കനുസൃതമായി മേഖല വകയിരുത്തലുകൾ നടത്തുകയും പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 പദ്ധതി അവലോകനം

| അംഗീകരിച്ച പദ്ധതി | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 225 | 113 | 102 | 166422555 | 78912102 | 47.41% |

## 1-6 തൊഴിലുറപ്പ് പദ്ധതി

2019-2020 സാമ്പത്തിക വർഷത്തെ MGNREGS പദ്ധതിയുടെ സാമ്പത്തിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(എ.എഫ്.എസ് പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 27955 | 1318057 | 1346012 | 860537 | 485475 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15231000 | 15231000 | 15231000 | 0 |
| ആകെ | 27955 | 16549057 | 16577012 | 16091537 | 485475 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം അവലോകനം

2019- 2020 സാമ്പത്തികവർഷത്തെ NREGS - ന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.09/2021 (14.07.2021)-ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-20സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-160<br>അംഗങ്ങൾ- 284 |
| 2019-20സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1909<br>തൊഴിലാളികൾ-2128 |
| 2019-20സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-1909<br>തൊഴിലാളികൾ-2128 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | 10* |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 1909 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 235 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 162 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 93 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 1 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1233 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 537 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 331 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 32.5% |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 52384 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കമ്പോണന്റ് | 14496000 |
| മെറ്റീരിയൽ കമ്പോണന്റ് | 745000 |

| | |
|---|---|
| ആകെ വരവ് | 16577012 |
| ആകെ ചെലവ് | 16091537 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 27 |
| 80-99 | 54 |
| 70-79 | 56 |
| 60-69 | 66 |
| 50-59 | 133 |
| 50 ൽ താഴെ | 1276 |

## 1-6-2 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ബില്ലുകളിൽ നിന്നും ജി.എസ്.ടി,റ്റി.ഡി.എസ് എന്നിവ ഈടാക്കിയിട്ടില്ല

2019-2020 സാമ്പത്തിക വർഷത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ, പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്തിട്ടില്ല. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. എന്നാൽ, ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരന്റെ പേര് | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| 1 | പരമേശ്വരം റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും | ആർ.ശ്രീകുമാർ | 3,82,402/- |
| 2 | മുരുർക്കോണം റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും | ആർ.ശ്രീകുമാർ | 3,82,560/- |
| 3 | കോട്ടറവീട് ഇരുമ്പലം റോഡ് കോൺക്രീറ്റിംഗ് | സുരേഷ് കുമാർ | 3,85,023/- |
| 4 | പരപ്പാറമുകൾ ചൊവ്വര റോഡ് കോൺക്രീറ്റിംഗ് | ആർ. ശ്രീകുമാർ | 3,08,788/- |
| 5 | കരിഞ്ചാത്തി മുളവെട്ട് പറമ്പ് റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും | മനാഫ്. എം | 3,59,460/- |
| 6 | വട്ടയം പേരയത്തംകുഴി റോഡ് കോൺക്രീറ്റിംഗ് | ആർ. | 3,82,044/- |

| | | ശ്രീകുമാർ | |
|---|---|---|---|

നികുതികൾ കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.45/28.07.2021) ലഭ്യമാക്കിയ മറുപടിയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധനസാമഗ്രികൾ വാങ്ങൽ, സംഭരണം, വിതരണം എന്നിവ സംബന്ധിച്ച ഗൈഡ് ലൈൻ ഉത്തരവുകളിൽ പ്രസ്തുത വിഷയം പരാമർശിച്ചിട്ടില്ലായിരുന്നതിനാൽ ഇത് സംബന്ധിച്ച് അറിവുണ്ടായിരുന്നില്ലായെന്നും അതുകൊണ്ടുതന്നെ 2019-20 കാലഘട്ടങ്ങളിൽ നടത്തിയിട്ടുള്ള ടെണ്ടർ നടപടികളിലും എഗ്രിമെന്റിലും ആയത് ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരോട് ജി.എസ്.റ്റി, ആദായ നികുതി എന്നിവ അടച്ച ബിൽ ഹാജരാക്കുന്നതിനും വരും വർഷങ്ങളിലെ ടെണ്ടർ, ബില്ലിംഗ് പ്രക്രിയകളിലും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

(ബി). ടെണ്ടർ സ്വീകരിച്ച വ്യക്തി സമർപ്പിച്ച ജി.എസ്.ടി ഉൾപ്പെട്ട ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ജി.എസ്.ടി ഉൾപ്പെട്ട ബിൽ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി). പ്രവൃത്തികളുടെ മസ്റ്റർ റോൾ പൂർണ്ണമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ മസ്റ്റർ റോൾ പൂർത്തീകരിച്ച് ഹാജരാക്കി. പ്രസ്തുത പ്രവണത ഒഴിവാക്കേണ്ടതും മസ്റ്റർ റോളുകളുടെ കൃത്യമായ പരിപാലനം ഉറപ്പാക്കേണ്ടതുമാണ്.

<u>1-7 ക്ഷേമ പദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 363600 | 421 |
| കർഷകതൊഴിലാളി പെൻഷൻ | 1206000 | 362 |
| വിധവാപെൻഷൻ | 5398200 | 1525 |
| വാർദ്ധക്യകാലപെൻഷൻ | 9004500 | 2516 |
| വികലാംഗപെൻഷൻ | 1276700 | 356 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 181800 | 53 |

2019-20 സാമ്പത്തിക വർഷത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ, രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ വിശദാംശങ്ങളോടൊപ്പം ചുവടെ ചേർക്കുന്നു.

<u>1-7-1 കേരള കർഷക തൊഴിലാളി പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.</u>

1) കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ പ്രകാരം അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ് (ചട്ടം 7 ബി). എന്നാൽ 2019-2020 സാമ്പത്തിക വർഷം താഴെപ്പറയുന്ന അപേക്ഷകളിന്മേൽ ഈ സമയപരിധി പാലിക്കപ്പെട്ടിട്ടില്ല.

| ക്രമ നം | ഫയൽ നം | പേര് | രജിസ്റ്റർ പ്രകാരമുള്ള തീരുമാനം |
|---|---|---|---|
| 1 | 4922 Dtd 01/06/2019 | ശിവശങ്കരൻ പിള്ള, അനൂപ് ഭവൻ, കൊക്കോട്ടുകോണം | നിരസിച്ചു. ജനറൽ കമ്മിറ്റി തീരുമാനം14(5) (05/08/2019) |
| 2 | 4958 Dtd 03/06/2019 | മുരുകേശൻപിള്ള ആർ. എം എസ് ഭവൻ, സബർമതി ലൈൻ, വെഞ്ഞാറമ്മൂട് | അർഹതയുണ്ട്. ജനറൽ കമ്മിറ്റി തീരുമാനം14(5) (05/08/2019) |
| 3 | 8841 Dtd 29/10/2019 | സോമൻ, വാറുവിള വീട്, പരമേശ്വരം, മുദാക്കൽ | അർഹതയുണ്ട്. ജനറൽ കമ്മിറ്റി തീരുമാനം 5(1) (17/12/2019) |
| 4 | 1118 Dtd 21/01/2021 | മുരളീധരൻ, ചരുവിള പുത്തൻവീട്, പ്ലാപ്പെട്ടി | നടപടി സ്വീകരിച്ചിട്ടില്ല. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/29.07.2021) അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ലഭിക്കുന്നതിലെ കാലതാമസവും സോഫ്റ്റ് വെയർ പ്രശ്നങ്ങളുമാണ് കാരണമായി വിശദീകരിച്ചിട്ടുള്ളത്.

അപേക്ഷകൾ തീർപ്പാക്കുന്നതിൽ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടം 7 ബി പ്രകാരം ഉള്ള സമയക്രമം കർഷകർക്ക് അർഹമായ ധനസഹായം ലഭ്യമാക്കുന്നതിനു പാലിക്കേണ്ടതാണ്. ഇപ്രകാരം ഉണ്ടാകുന്ന കാലതാമസം കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയെ തന്നെ സാരമായി ബാധിക്കുന്നു. രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കേണ്ടതാണ്.

പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

2) ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ സ്ഥാപനത്തിന്റെ കർഷക സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ എന്നിവ രേഖപ്പെടുത്താതെയാണ് രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്. രജിസ്റ്ററുകൾ സെക്രട്ടറി സമയബന്ധിതമായി സാക്ഷ്യപ്പെടുത്തുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/29.07.2021) പ്രസ്തുത അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ പൂർണ്ണമാക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി.

രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നുണ്ടെന്നു സെക്രട്ടറിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ സെക്രട്ടറി രജിസ്റ്ററുകൾ ഒപ്പുവെച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

### 1-7-2 ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

1) ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ് . എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ ലഭ്യമായ അപേക്ഷകളിന്മേൽ ഈ സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. രജിസ്റ്ററുകളിൽ നിരസിച്ച അപേക്ഷകളിന്മേൽ നിരസിച്ച കാരണം രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം | പേര് | റിമാർക്ക്സ് |
|---|---|---|---|
| 1 | 1348 Dtd | ധനലക്ഷ്മി, അനുഭവൻ, | നിരസിച്ച കാരണം രജിസ്റ്ററിൽ |

| | | | |
|---|---|---|---|
| | 31/01/2020 | മണ്ഡപക്കുന്ന് | രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 1610 Dtd 11/02/2020 | സ്വപ്ന എം, കുഴിവിള പുത്തൻ വീട്, മുക്കന്നൂർ | നിരസിച്ച കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 2360 Dtd 07/05/2019 | സുജ ആർ, കുഴിവിള ചായകടി വീട്, വെഞ്ഞാറമ്മൂട് | നിരസിച്ച കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/29.07.2021) പ്രസ്തുത അപേക്ഷകൾ നിരസിച്ച കാരണം ചേർത്തു രജിസ്റ്റർ ഉടനെ പൂർണ്ണമാക്കുന്നതാണെന്ന മറുപടി നൽകി.

പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

2) ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ സ്ഥാപനത്തിന്റെ കർഷക സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ എന്നിവ രേഖപ്പെടുത്താതെയാണ് രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്. രജിസ്റ്ററുകൾ സെക്രട്ടറി സമയബന്ധിതമായി സാക്ഷ്യപ്പെടുത്തുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/29.07.2021) രജിസ്റ്ററുകൾ അപാകതകൾ പരിഹരിച്ച് പൂർണ്ണമാക്കുന്നതാണെന്ന മറുപടി നൽകി. രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കേണ്ടതാണ്.

രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നുണ്ടെന്ന സെക്രട്ടറിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ സെക്രട്ടറി രജിസ്റ്ററുകൾ ഒപ്പുവെച്ചു സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രസ്തുത അപാകത പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

### 1-7-3 വികലാംഗ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല

1) വികലാംഗ പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ്. എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ ലഭ്യമായ താഴെപ്പറയുന്ന അപേക്ഷകളിന്മേൽ ഈ സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം | പേര് | റിമാർക്ക്സ് |
|---|---|---|---|
| 1 | 9976 Dtd 02/12/2019 | ശ്യാമള, ഉണ്ടക്കുന്നിൽ വീട് | നടപടി സ്വീകരിച്ചിട്ടില്ല. |
| 2 | 1727 Dtd 17/02/2020 | താഹറുദ്ദീൻ, വിളാകത്തു വീട് | നടപടി സ്വീകരിച്ചിട്ടില്ല. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/29.07.2021) ക്രമ നമ്പർ 1 പ്രകാരമുള്ള അപേക്ഷ നിരസിച്ച കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണെന്നും ക്രമ നമ്പർ 2 പ്രകാരം ഉള്ള അപേക്ഷകനു പെൻഷൻ അനുവദിച്ചതാണെന്നും പ്രസ്തുത വിവരം രജിസ്റ്ററിൽ ചേർക്കാൻ വിട്ടു പോയതാണെന്നും മറുപടി നൽകി.

പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

2) ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ സ്ഥാപനത്തിന്റെ കർഷക സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ എന്നിവ രേഖപ്പെടുത്താതെയാണ് രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/29.07.2021) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി.

പ്രസ്തുത അപാകത പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

### 1-7-4 ദേശീയ വാർദ്ധ്യകകാല പെൻഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ സ്ഥാപനത്തിന്റെ കർഷക സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ എന്നിവ രേഖപ്പെടുത്താതെയാണ് രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്. രജിസ്റ്ററുകൾ സെക്രട്ടറി സമയബന്ധിതമായി സാക്ഷ്യപ്പെടുത്തുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/29.07.2021) അപാകത ഉടനെ പരിഹരിക്കുന്നതാണെന്നു മറുപടി നൽകി.

രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നുണ്ടെന്നു സെക്രട്ടറിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ സെക്രട്ടറി രജിസ്റ്ററുകൾ ഒപ്പുവെച്ചു സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

### 1-7-5 തൊഴിൽരഹിത വേതന വിതരണത്തിലെ അപാകതകൾ

2019-2020 വർഷത്തെ തൊഴിൽരഹിത വേതനത്തിന്റെ അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾക്ക് കണ്ടെത്തിയിരിക്കുന്നു.

1) താഴെപ്പറയുന്ന അപേക്ഷകയ്ക്ക് തൊഴിൽരഹിതവേതനം അധികമായി നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | പേര്/ നമ്പർ | വിതരണം ചെയ്ത അവസാന ഗഡു | അധികമായി വിതരണം ചെയ്ത തുക | അപാകത |
|---|---|---|---|---|
| 1 | കൃഷ്ണപ്രിയ എം പി<br>തേരുവിളാകത്ത് വീട്<br>ദീപാനഗർ<br>ആലത്തറ/ No. 895<br>DOB: 30/05/1984 | 12/18-07/19<br>960/-രൂപ | 120 X 2= 240/- | അപേക്ഷകയ്ക്ക് 05/2019 വരെ മാത്രമേ വേതനത്തിനു അർഹതയുള്ളൂ. എന്നാൽ 06/2019, 07/2019 എന്നീ മാസങ്ങളിൽ 120/-രൂപ വീതം 240/-രൂപ അധികമായി നൽകി. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 33/26.07.2021 നു മറുപടിയായി അധികമായി നൽകിയ തെഴിൽരഹിത വേതനം 2230-02-191-50(NP) എന്ന ട്രഷറി അക്കൗണ്ട് ഹെഡ്ഡിൽ അടച്ച രസീതു ഓഡിറ്റിനു ഹാജരാക്കി.

2) രജിസ്റ്റർ അപൂർണ്ണം- രജിസ്റ്ററിൽ ഫോട്ടോ, ജനനതീയതി, അപേക്ഷകന്റെ വീവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് / നമ്പർ | അപാകത |
|---|---|---|
| 1 | അജി ജെ<br>പുതുവൽ വിളവീട്<br>ആലത്തറ / No. 894 | ഫോട്ടോ, ജനനതീയതി എന്നിവ ഇല്ല |

| | | |
|---|---|---|
| 2 | ഗിരിജ എസ്<br>പള്ളിവിള വീട്<br>വലിയക്കയ്ക്കൽ<br>വെഞ്ഞാറമ്മൂട്/ No. 897 | ഫോട്ടോ, ജനനതീയതി എന്നിവ ഇല്ല |
| 3 | സൗമ്യ കെ കൃഷ്ണൻ<br>സൗമ്യഭവൻ<br>വെഞ്ഞാറമ്മൂട്/ No. 1213 | ഫോട്ടോ ഇല്ല |
| 4 | രമ്യ എം<br>കുന്നുംപുറത്ത് വീട്<br>കോട്ടുകുന്നം പി ഓ<br>വാമനപുരം /No. 1262 | ഫോട്ടോ ഇല്ല |
| 5 | ജാസ്മിൻ എം<br>ജാഫർ മൻസിൽ<br>മാണിക്കമംഗലം<br>വെഞ്ഞാറമ്മൂട് പി ഓ | ഫോട്ടോ ഇല്ല |

പ്രസ്തുത അപാകതക സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 33/26.07.2021 ന അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി. രജിസ്റ്ററുകൾ പരിപാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറി കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2021 രാവിലെ 10:55 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 2,594/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്. ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ പൊതുമരാമത്ത് ചട്ടം പാലിക്കപ്പെടുന്നില്ല.

2.പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

3.വിവിധ ക്ഷേമ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല
4.റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.
5.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
6.ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് -ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.
7.ഷോപ്പിംഗ് കോംപ്ലക്സ് വാടക- ആനുപാതിക വർദ്ധനവ് വരുത്തിയിട്ടില്ല
8.ആസ്തി സംരക്ഷണം ഫലപ്രദമല്ല.

## 1-10 രസീത് പരിശോധന-അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തിക വർഷം അവസാനിച്ചിട്ടും രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

| ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 21833 | 45-100 |
| 21823 | 1-100 |
| | |

| | |
|---|---|
| 21821 | 4-100 |
| 21832 | 99-100 |
| 21834 | 82-100 |
| 21822 | 17-100 |

2. കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രസീത് ബുക്കും അവ കൈപ്പറ്റിയ ഉടൻ ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. എന്നാൽ, 2019-2020 സാമ്പത്തിക വർഷത്തെ 21833 നമ്പർ രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/19.07.2021) മറുപടി ലഭ്യമാക്കിയില്ല. രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ 2011 ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലേയും, കെ.എഫ്.സി യിലേയും നിബന്ധനകൾ പാലിക്കുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി- അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(എഫ്) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരിമാസത്തിന്റേയും അവസാനത്തിനുമുൻപ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തി, അവരിൽ നിന്ന് തുക ഈടാക്കി, നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ജീവനക്കാരുടെ ലിസ്റ്റ് സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ പത്രിക, മറ്റ് വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

1. ബി.എസ്.എൻ.എൽ ഓഫീസ്, വെഞ്ഞാറമൂട്-I&II Half
2. വെഞ്ഞാറമൂട് ക്ഷീരസഹകരണസംഘം-I&II Half
3. പാലത്തറ ക്ഷീരസഹകരണസംഘം-ആദ്യ അർദ്ധ വർഷം
4. സ്മിതാ ഓഡിറ്റോറിയം, കീഴായിക്കോണം-I&II Half
5. പോളിടെക്നിക്ക്, വെഞ്ഞാറമൂട്- രണ്ടാം അർദ്ധ വർഷത്തെ പത്രിക ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-11-1 ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2019-20 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് ഉചിതമായ നടപടിയല്ല. ബി.എസ്.എൻ.എല്ലിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.5ന് സ്ഥാപന നികുതി ഒഴിവാക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ സ്ഥാപനനികുതി ഒടുക്കാൻ മാനേജ് മെന്റ് തുക അനുവദിക്കുന്നില്ലായെന്നാണ് അറിയുവാൻ കഴിഞ്ഞതെന്നും സ്ഥാപന നികുതി ഒടുക്കുവാൻ വീണ്ടും നോട്ടീസ് നൽകുന്നതുമാണെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഉചിതമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 3 ന് ആനുപാതികമായി താഴെപ്പറയുന്ന

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം. | സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | അർദ്ധ വർഷം | തൊഴിൽ നികുതിയ്ക്ക് കണക്കാക്കാവുന്ന വരുമാനം പത്രിക പ്രകാരം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | സെൻട്രൽ ബാങ്ക്ഓഫ് ഇന്ത്യ, വെഞ്ഞാറമൂട് | ഐശ്യര്യ. വി SWO | I | 154920 | 1000 | 1250 | 250 |
| 2 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | അഖിൽ. എം.ബി | I | 45000 | 300 | 450 | 150 |
| 3 | ലീലരവി ഹോസ്പിറ്റൽ, വെഞ്ഞാറമൂട് | ബിന്ദു. ഒ | I | 116304 | 900 | 1000 | 100 |
| | | സൗമ്യ . യു.എസ് | | 116304 | 900 | `1000 | 100 |
| | | സരിത. സി.എസ് | | 116304 | 900 | 1000 | 100 |
| | | ഉഷാകുമാരി. വി | | 116304 | 900 | 1000 | 100 |
| | | അനിജാ കുമാരി. ഇ | | 116304 | 900 | 1000 | 100 |
| | | സരിക.എസ്. നായർ | | 116304 | 900 | 1000 | 100 |
| | | ദീപമോൾ | | 116304 | 900 | 1000 | 100 |
| | | സീന | | 116304 | 900 | 1000 | 100 |
| | | രശ്മി. യു.കെ | | 116304 | 900 | 1000 | 100 |
| | | സുമ | | 116304 | 900 | 1000 | 100 |
| | | രമ്യ.എസ് | | 109960 | 900 | 1000 | 100 |
| | | സുസ്മി സുരേന്ദ്രൻ | | 109960 | 900 | 1000 | 100 |
| | | സജിത | | 109960 | 900 | 1000 | 100 |
| | | ദിവ്യ ഭാസ്കർ | | 109960 | 900 | 1000 | 100 |
| | | കാവ്യ.എസ് | | 109960 | 900 | 1000 | 100 |
| | | ജയകുമാരി. എസ് | | 109960 | 900 | 1000 | 100 |
| | | സോജനാര. എസ് | | 109960 | 900 | 1000 | 100 |
| | | ഗിരിജ.എസ് | | 109960 | 900 | 1000 | 100 |
| | | പുഷ്പ.എസ് | | 109960 | 900 | 1000 | 100 |
| | | മഞ്ജു. എ.എസ് | | 109960 | 900 | 1000 | 100 |
| | | സീമ. ഐ | | 109960 | 900 | 1000 | 100 |
| | | ബാബു. സി | | 109960 | 900 | 1000 | 100 |
| | | സുധ. പി | | 109960 | 900 | 1000 | 100 |
| | | ലളിത.എസ് | | 109960 | 900 | 1000 | 100 |
| | | ഗീത. എൻ | | 109960 | 900 | 1000 | 100 |
| | | ജയശ്രീ. എ.എം | | 109960 | 900 | 1000 | 100 |
| | | വത്സലകുമാരി. കെ.എസ് | | 132144 | 1200 | 1250 | 50 |
| | | ജെ. ഗിരിജ | | 132144 | 1200 | 1250 | 50 |
| | | വത്സലകുമാരി. ബി | | 132144 | 1200 | 1250 | 50 |
| | | അജയൻ | | 132144 | 1200 | 1250 | 50 |
| | | വിജയൻ ആശാരി | | 132144 | 1200 | 1250 | 50 |
| | | കുമാരി പ്രഭ | | 132144 | 1200 | 1250 | 50 |
| | | ശോഭന | | 121584 | 1200 | 1250 | 50 |
| | | ശ്രീദേവി. ഐ.പി | | 121584 | 1200 | 1250 | 50 |
| | | പൊന്നമ്മ | | 121584 | 1200 | 1250 | 50 |
| | | ആസിയ | | 142704 | 1200 | 1250 | 50 |
| 3 | ലീലരവി | ബിന്ദു. ഒ | II | 116304 | 900 | 1000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | ഹോസ്പിറ്റൽ, വെഞ്ഞാറമൂട് | | | | | |
| | | സൗമ്യ . യു.എസ് | 116304 | 900 | `1000 | 100 |
| | | സരിത. സി.എസ് | 116304 | 900 | 1000 | 100 |
| | | ഉഷാകുമാരി. വി | 116304 | 900 | 1000 | 100 |
| | | അനിജാകുമാരി. ഇ | 116304 | 900 | 1000 | 100 |
| | | സരിക.എസ്. നായർ | 116304 | 900 | 1000 | 100 |
| | | ദീപമോൾ | 116304 | 900 | 1000 | 100 |
| | | സീന | 116304 | 900 | 1000 | 100 |
| | | രശ്മി. യു.കെ | 116304 | 900 | 1000 | 100 |
| | | സുമ | 116304 | 900 | 1000 | 100 |
| | | രമ്യ.എസ് | 109960 | 900 | 1000 | 100 |
| | | സുസ്മി സുരേന്ദ്രൻ | 109960 | 900 | 1000 | 100 |
| | | സജിത | 109960 | 900 | 1000 | 100 |
| | | ദിവ്യ ഭാസ്കർ | 109960 | 900 | 1000 | 100 |
| | | കാവ്യ.എസ് | 109960 | 900 | 1000 | 100 |
| | | ജയകുമാരി.എസ് | 109960 | 900 | 1000 | 100 |
| | | സോജനാര. എസ് | 109960 | 900 | 1000 | 100 |
| | | ഗിരിജ.എസ് | 109960 | 900 | 1000 | 100 |
| | | പുഷ്പ.എസ് | 109960 | 900 | 1000 | 100 |
| | | മഞ്ജു. എ.എസ് | 109960 | 900 | 1000 | 100 |
| | | സീമ. ഐ | 109960 | 900 | 1000 | 100 |
| | | ബാബു. സി | 109960 | 900 | 1000 | 100 |
| | | സുധ. പി | 109960 | 900 | 1000 | 100 |
| | | ലളിത.എസ് | 109960 | 900 | 1000 | 100 |
| | | ഗീത. എൻ | 109960 | 900 | 1000 | 100 |
| | | ജയശ്രീ. എ.എം | 109960 | 900 | 1000 | 100 |
| | | വത്സലകുമാരി. കെ.എസ് | 132144 | 1200 | 1250 | 50 |
| | | ജെ. ഗിരിജ | 132144 | 1200 | 1250 | 50 |
| | | വത്സലകുമാരി. ബി | 132144 | 1200 | 1250 | 50 |
| | | അജയൻ | 132144 | 1200 | 1250 | 50 |
| | | വിജയൻ ആശാരി | 132144 | 1200 | 1250 | 50 |
| | | കുമാരി പ്രഭ | 132144 | 1200 | 1250 | 50 |
| | | ശോഭന | 121584 | 1200 | 1250 | 50 |
| | | ശ്രീദേവി. ഐ.പി | 121584 | 1200 | 1250 | 50 |
| | | പൊന്നമ്മ | 121584 | 1200 | 1250 | 50 |
| | | ആസിയ | 142704 | 1200 | 1250 | 50 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.5ന് ക്രമ നം. 1,2 എന്നിവയിലെ ജീവനക്കാരിൽ നിന്ന് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ക്രമ നം. 3, 4 എന്നിവയിൽ രണ്ട് അർദ്ധ വർഷത്തേയും തൊഴിൽ നികുതി 5.3.2020ൽ ഒരുമിച്ച് അടവാക്കുകയാണ് ഉണ്ടായതെന്നും അപ്രകാരം ചെയ്യപ്പോൾ രണ്ട് അർദ്ധവർഷത്തേയും നികുതി കണക്കാക്കേണ്ട വരുമാനം ഒരുമിച്ച് ഒരു പത്രികയിൽ ലഭ്യമാക്കുകയാണുണ്ടായതെന്നും പത്രിക പ്രകാരമുള്ള വരുമാനം രണ്ട് അർദ്ധ വർഷത്തേതും കൂടിയാണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. രസീത് നം. 119010110228/5.3.2020 പ്രകാരം അടവാക്കിയ തുകയിൽ പിഴ ഈടാക്കിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെക്ഷൻ 205(ഇ) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസു മൂലം ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ 205(ഡി) വകുപ്പ് പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള

ആഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ് മേൽ ചട്ടം സെക്ഷൻ 205(എഫ്) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരിമാസത്തിന്റേയും അവസാനത്തിനുമുൻപ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തി, അവരിൽ നിന്ന് തുക ഈടാക്കി, നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ജീവനക്കാരുടെ ലിസ്റ്റ് സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ നിന്ന് മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമനം. 1, 2 എന്നിവയിലെ ജീവനക്കാരിൽ നിന്ന് ഈടാക്കാനവശേഷിക്കുന്ന തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ക്രമ നം. 3, 4 എന്നിവയിൽ നിന്ന് പിഴയിനത്തിൽ ഈടാക്കാനുള്ള തുക ഈടാക്കേണ്ടതാണ്.

<u>1-11-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഡിമാന്റ് രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് താഴെപ്പറയും പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കാനുള്ള സ്ഥാപന നികുതി |
|---|---|---|
| 1 | കോപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി | I&II Half |
| 2 | സുഹാസ് ആഡിറ്റോറിയം,വെഞ്ഞാറമൂട് | ആദ്യ അർദ്ധ വർഷം |
| 3 | റിലയൻസ് എക്സ്പ്രസ് മിനി ലിമിറ്റഡ് | II Half |
| 4 | നെടുമങ്ങാട് താലൂക്ക് ഗവ, സർവൻസ് സഹകരണ സംഘം വെഞ്ഞാറമൂട് ബ്രാഞ്ച് | I&II Half |
| 5 | നെല്ലനാട് ക്ഷീരോല്പാദക സഹകരണ സംഘം | I&II Half |
| 6 | വെഞ്ഞാറമൂട് ക്ഷീര സഹകരണ സംഘം | I&II Half |
| 7 | ആശിർവാദ് മൈക്രോഫിനാൻസ് | I Half |
| 8 | സ്മിതാ ആഡിറ്റോറിയം, കീഴായിക്കോണം | I&II Half |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5ന് ക്രമ നം. 2, 3, 8 എന്നിവയിലെ സ്ഥാപനങ്ങൾ കോവിഡ് മൂലം തുറന്ന് പ്രവർത്തിച്ചിരുന്നില്ലായെന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 2020 ഫെബ്രുവരി അവസാനമാണ് കേരളത്തിൽ കോവിഡ് വ്യാപനം രൂക്ഷമായിട്ടുള്ളത് എന്നുള്ളതിനാൽ ക്രമ നം.2, 3, 8 എന്നിവയെ സംബന്ധിച്ച മറുപടി അംഗികരിക്കാവുന്നതല്ല. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 4 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>1-11-4 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 2ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം ലഭ്യമല്ലായെന്നും അവയ്ക്ക് ലൈസൻസ് നൽകിയിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

<u>1-11-5 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി)

ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റ് പ്രകാരം 20കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | പി. രത്നാകരൻ, | ഷീലാമന്ദിരം, വെഞ്ഞാറമൂട് |
| 2 | ആർ. സഹദേവൻ | ബിനുഭവൻ, കാവറ, വെഞ്ഞാറമൂട് |
| 3 | ജയന്തൻനായർ, | ചരുവിള പുത്തൻവീട്, ഇളമ്പ പി.ഒ |
| 4 | ഷറഫുദ്ദീൻ | വടക്കതിൽ വീട്, വെഞ്ഞാറമൂട് |
| 5 | അരുൺ.എസ് | അരുൺ ഭവൻ, വയ്യേറ്റ് , വെഞ്ഞാറമൂട് |
| 6 | ജയകുമാർ. എസ് | ഇളയടത്ത് ഹൗസ്, കല്ലറ, കല്ലറ പി.ഒ |
| 7 | എസ്.ആർ. ദാസ്, | ദാസ്ഭവൻ, മണലിമുക്ക്, വെഞ്ഞാറമൂട് |
| 8 | സുരേഷ്കുമാർ. ജി | സുരേഷ് ഭവൻ, പിച്ചിമംഗലം, വെഞ്ഞാറമൂട് |
| 9 | എ. മനാഫ് | തുമ്പറ ഹൗസ്, കാവറ, വെഞ്ഞാറമൂട് |
| 10 | ആസിഫ്.എ | തുമ്പറ ഹൗസ്, കാവറ, വെഞ്ഞാറമൂട് |
| 11 | ബിജി. കെ, | ബംഗ്ലാവിൽ വീട്, കാവറ, വെഞ്ഞാറമൂട് |
| 12 | ശിവദാസൻ. ആർ | ഇടത്തറവീട്, പ്ലാപ്പട്ടി, വെഞ്ഞാറമൂട് |
| 13 | അനി. സി.ബി | എം.സി.ബി സദനം, ആറാംതാനം |
| 14 | ശ്രീകുമാർ. ആർ | ശ്രീ ഭവൻ, വെഞ്ഞാറമൂട് |
| 15 | സന്തോഷ് കുമാർ. എസ്.എസ് | ഷെർളി ഭവൻ, കുനൻ വേങ്ങ |
| 16 | സുരേഷ് കുമാർ | പാറയം വീട് , വെമ്പായം |
| 17 | ഷിബുകുമാർ. എം | കാർത്തിക,വേങ്കമല |
| 18 | ഷിജു.എസ് | റോഡരികത്തു വീട്, എലിക്കോട്ടുകോണം |
| 19 | സോമനാശാരി | കാർത്തിക, കാവറ |
| 20 | അനിൽകുമാർ. ബി | അഖിൽ ഭവൻ, പണിമൂല |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.1ന് കരാറുകാരുടെ പേരുവിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാർ 60 ദിവസം പ്രവൃത്തി ചെയ്തിട്ടുണ്ടോയെന്നും മറ്റു പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടുണ്ടോയെന്നും പരിശോധിച്ചശേഷം തൊഴിൽ നികുതി ഒടുക്കാത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലഭ്യമാക്കിയ FTEAOS രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള 150 മുതൽ 190 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | IX/320 (A) | ജി. മുരളിദാസ്, അശ്വതി, പിരപ്പൻകോട് പി.ഒ | അശ്വതി മെഡിക്കൽ സ്റ്റോർ |
| 2 | VIII/609A | രശ്മി അശോക്, ശ്രീശൈലം, സരസ്വതി ലൈൻ, വെഞ്ഞാറമൂട് | ഡി സോൺ കളക്ഷൻസ് |
| 3 | VIII/640 | റബൻ. ആർ, മുളകുന്നിൽ വീട്, തൈക്കാട് | ഫർണിച്ചർ കട |
| 4 | XII/600 | മാനേജർ, ജനറൽ മാർക്കറ്റിംഗ് പ്രോസസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി | വളം ഡിപ്പോ |
| 5 | XI/121(A) | രാജൻ.എൻ, ഐശ്വര്യ നിവാസ്, മുക്കുന്നൂർ, വെഞ്ഞാറമൂട് | മോഡേൺ ഹൈപ്പർ മാർട്ട് |
| 6 | V/63 | എസ്.എൻ. സുമേഷ്, സെക്രട്ടറി, തിരുവനന്തപുരം ജില്ലാ കൺസ്ട്രക്ഷൻ ആന്റ് ബിൽഡിംഗ് വർക്കേഴ്സ് വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റി | നന്മ സ്റ്റോർ |
| 7 | V/77,79 | സുധീർ.എ, സുധീർ മൻസിൽ, വിട്ടിയോട് | കൾച്ചർ ക്ലബ് തുണിക്കട |
| 8 | V/81, 82 | ഷൈൻ, പടിഞ്ഞാറ്റിൻകരവീട് | ബട്ടർ ഫ്ലൈ തുണിക്കട |
| 9 | I/218 | രവീന്ദ്രൻ. ജി, എ.ആർ. ഭവൻ, വാമനപുരം | അമ്പാടി റസ്റ്റോറന്റ് |
| 10 | II/228 | സുരേഷ് കുമാർ.എസ്, പള്ളിവിളാകത്തു വീട്, പൂവണത്തും മൂട് | അശ്വതി സ്റ്റോർ, കരകൗശല വസ്തുക്കൾ വില്പനയ്ക്ക് |
| 11 | VIII/493 | ഹരിദാസ്. സി, ഹരിതം, ആലിയാട് പി.ഒ | കിസാൻ ബസാർ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8ന് മേൽ സ്ഥാപനങ്ങളിൽ നിന്ന് ഫൈൻ ഈടാക്കി ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. അനധികൃതമായി പഞ്ചായത്ത് പരിധിയിൽ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും ഈയിനത്തിൽ തനതു ഫണ്ടിന് ചോർച്ച സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

<u>1-12-1 ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല</u>

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ വാർഡ് 7 മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | VII/940 | ഷിനു കുമാർ, ഷിബു വിലാസം, ശക്തിപുരം | എം.എസ് ഇലക്ട്രിക്കൽസ് |
| 2 | VII/67/68/69 | നിഷാന്ത്.എൻ, പുതുവൽ പുത്തൻ വീട് | റോസ് അലുമിനിയം ഫാബ്രിക്കേഷൻ |
| 3 | VII/953 | എ. ഷാജഹാൻ, വലിയവീട്ടിൽ | സിറ്റി ലൈറ്റ് മാർജിൻഫ്രീ ഇലക്ട്രിക്കൽസ് |
| 4 | VII/252 | സിന്ധു.എസ്, പട്ടത്താനം വീട്, വയ്യേറ്റ് | എസ്.പി. ഏജൻസീസ്, കോഴിത്തീറ്റ |
| 5 | VII/956 | എസ്. ശശിധരൻനായർ, അഖിൽ ഹൗസ് | അരവിന്ദ് സ്റ്റോർ |
| 6 | VII/17A,B, C | അജു.ബി, കൃഷ്ണനിവാസ്, മുണ്ടേല പി.ഒ | സാമ്രാട്ട് |
| 7 | VII/137 | ഡി. മധുസൂദനൻനായർ, പന്തടിക്കുളം ഹൗസ് | ഡി മധുസൂദനൻനായർ ആന്റ് കമ്പനി |
| 8 | VII/OMS 5 | അബ്ദുള്ള, സമീർ മൻസിൽ | ഹമാരാ ബേക്കറി |
| 9 | VII/515 | ദീപക്. എസ്, വിശാലാക്ഷി മന്ദിരം | ശ്രീലക്ഷി ഏജൻസീസ് |
| 10 | VII/505 | മനോജ്കുമാർ, മണികണ്ഠമന്ദിരം, വെള്ളുമണ്ണടി | കരുണ ഫുട് വെയർ |
| 11 | VII/452 | മുഹമ്മദ് റാഷിദ്, റിയാസ് മൻസിൽ, കൊച്ചാലുമൂട് | അൽകോ ഇല്ക്ട്രിക്കൽസ് |

ഇത് സംബന്ധിച്ച ഓഡിററ് എൻക്വയറി നം. 8 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1,3,5,7,8,9,10,11 എന്നീ ക്രമനമ്പരുകളിലെ സ്ഥാപനങ്ങളിൽ നിന്ന് 2020-21ൽ ഫൈൻ ഈടാക്കി ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്നിരിക്കെ ഫൈൻ ഈടാക്കി 2020-21ൽ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസോടു കൂടി മാത്രം പ്രവർത്തിക്കുന്നുവെന്നുറപ്പു വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-12-2 വ്യാജലൈസൻസിൽ സ്ഥാപനം പ്രവർത്തിച്ചു

പഞ്ചായത്ത് ഡയറക്ടർക്ക് 19.8.2020 ൽ A5-4200/2020 -ാം നമ്പരായി സെക്രട്ടറി നൽകിയ കത്തിൽ ശ്രീ പദ്മനാഭ ഇൻഡേൻ ഗ്യാസ് സർവീസ് എന്ന സ്ഥാപനംനടത്തി വന്നിരുന്ന വ്യക്തി പഞ്ചായത്തിന്റേയും പഞ്ചായത്ത് സെക്രട്ടറിയുടേയും വ്യാജസീൽ നിർമ്മിച്ച് വ്യാജ ലൈസൻസ് തയ്യാറാക്കി 19.2.2016 മുതൽ പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചു വരുന്നതായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. എന്നാൽ ഇക്കാര്യം ശ്രദ്ധിക്കാതെ 2018-19 വർഷത്തെ ലൈസൻസ് അപേക്ഷയിൻമേൽ 2015-16, 2016-17, 2017-18 വർഷങ്ങളിലെ ലൈസൻസ് ഫീസ് കൂടി ഈടാക്കി 2018-19 വർഷം ലൈസൻസ് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ ലൈസൻസ് അപേക്ഷയോടൊപ്പം അനുബന്ധരേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിൽ ആയത് ഹാജരാക്കാതെ മേൽ വ്യക്തി സെക്രട്ടറിയുടെ വ്യാജസീലും ഓഫീസ് സീലും തയ്യാറാക്കി വ്യാജമായി ലൈസൻസ് ഉണ്ടാക്കി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് നൽകിയിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് 29.8.2019ൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ 1107/DTPN/ VJMD/ 2019-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി സെക്രട്ടറി പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

4.6.2021ൽ A5-4200/2020 -ാം നം കത്തിൽ സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ കത്തിൽ ലൈസൻസ് പുതുക്കുന്നതിനായി സ്ഥാപന ഉടമ ശ്രീ. രാഗേഷ് കെ.ആർ. 7.8.2020ൽ നൽകിയ ലൈസൻസ് അപേക്ഷയിൽ മേൽ വ്യക്തിയെ നേരിൽ കേട്ട് ലൈസൻസ് പുതുക്കി നൽകാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 43ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1996 കേരള പഞ്ചായതത് രാജ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലായെന്നിരിക്കെ 2016 മുതൽ മേൽ സ്ഥാപനം ലൈസൻസ് കൂടാതെ പ്രവർത്തിച്ചിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. 2016 മുതൽ ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുകയും 2018-19 ൽ മുൻവർഷത്തെ അരിയർ ഉൾപ്പെടെ വാങ്ങി ലൈസൻസ് നൽകുകയും ചെയ്തു. പഞ്ചായത്ത് ഡയറക്ടർക്ക് 4.6.2021 ൽ നൽകിയ മറുപടിയിൽ നിന്ന് 7.8.2020 വരെ സ്ഥാപനം പ്രവർത്തിച്ചിരുന്നതായി വ്യക്തമാകുന്നു. പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടു കൂടി മാത്രം പ്രവർത്തിക്കുന്നുവെന്നുറപ്പു വരുത്തേണ്ടതും പ്രസ്തുത സ്ഥാപനത്തിന്റെ വ്യാജ ലൈസൻസ് സംബന്ധിച്ച തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-12-3 ക്വാറി ലൈസൻസ്- അപാകതകൾ

2019-20 വർഷം ലൈസൻസ് രജിസ്റ്റർ ക്രമ നം. 37 പ്രകാരം ശ്രീ. എ. മുഹമ്മദ് ബഷീർ, തേമ്പാക്കാല, വെഞ്ഞാറമൂട് പി.ഒ എന്നയാൾക്ക് നീന്ത ക്വാറിയ്ക്കായി ലൈസൻസ് നൽകിയിട്ടുണ്ട്. പ്രസ്തുത ലൈസൻസിനുള്ള അപേക്ഷ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ സർട്ടിഫിക്കറ്റ് കാലാവധി 4.11.2019 വരെ മാത്രമാണ്.

2. ലൈസൻസ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള Petroleum And Explosive Organisation ന്റെ സർട്ടിഫിക്കറ്റിന്റെ കാലാവധി 31.3.2019 വരെ മാത്രമാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.44ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ പ്രവർത്തിക്കുന്ന ലൈസൻസ് ഉപഭോക്താക്കൾ ഫെബ്രുവരി 25-ാം തീയതിയ്ക്ക് മുൻപായി അപേക്ഷ തരികയും തുക അടയ്ക്കുകയും ചെയ്തതിനു ശേഷം പോരായ്മകൾ ഉണ്ടെങ്കിൽ പൂർത്തീകരിച്ചാൽ മതിയെന്നതിനാലാണ് അപേക്ഷ സ്വീകരിച്ചതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ പരാമർശിച്ചിട്ടുള്ള പോരായ്മകൾ പരിഹരിച്ചതിനുശേഷമാണോ തുടർന്ന് ലൈസൻസ് നൽകിയതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. അനധികൃതമായി പാറക്വാറികൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതും മേൽ പരാമർശിച്ചിട്ടുള്ള

അപാകതകൾ പരിഹരിച്ച ശേഷമാണോ ലൈസൻസ് തുടർന്നു നൽകിയിട്ടുണ്ടെന്നുള്ളതിന്റേയും റിപ്പോർട്ട് പരിശോധിച്ച് ലഭ്യമാക്കേണ്ടതാണ്.

**1-13 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു**

2019-20 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/ കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് |
|---|---|---|---|
| 4/50A | ഭാസ്കരൻ നായർ | 119010104570/31.1..2020 | 2018-19ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ, 2019-20 ആദ്യ അർദ്ധ വർഷം |
| 2/373 | ആർ. ബാബു | 119010105875/26.11.200 | 2018-19ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 14/391A | മണിവർണ്ണൻ | 119010105935/26.11.2020 | 2018-19, 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 9/491A | രജിത്ത് .ബി ആൻഡ് ബി.എസ് | 119010106558/3.12.2020 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 11/58 A | കെ. ഓമന | 1190108762 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 15/25 | എസ്. സുനിൽ കുമാർ | 119130104966/4.3.2020 | 2016 മുതൽ 2019 വരെയുള്ള ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.31ന് മറുപടി ലഭ്യമാക്കിയിട്ടില്ല.റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ഇപ്രകാരം ചെയ്യുക വഴി വസ്തുനികുതിയിനത്തിൽ നഷ്ടം വന്നിട്ടുള്ളത് പരിശോധിക്കേണ്ടതും അപ്രകാരമുള്ള നഷ്ടത്തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-13-1 വസ്തുനികുതിനിർണയം- ഫോറം-6 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ/വസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ

ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഫോറം 6ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിററ് എൻക്വയറി നം. 49 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വസ്തു നികുതി നിർണ്ണയത്തിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ഉള്ള നടപടിക്രമങ്ങൾ പാലിച്ച മാത്രം വസ്തു നികുതി നിർണയം നടത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-13-2 ഡേറ്റാ പ്യൂരിഫിക്കേഷൻ- ഫോറം 6 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഡേറ്റാ പ്യൂരിഫിക്കേഷൻ വേളയിൽ തയ്യാറാക്കിയ ഫോറം6 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

### 1-13-3 സഞ്ചയയിലെ കെട്ടിടത്തിന്റെ ഉപയോഗക്രമവും ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ രജിസ്റ്റർപ്രകാരം 1 മുതൽ 80 വരെയുള്ള ക്രമനമ്പരുകൾ മാത്രം പരിശോധിച്ചതിൽ , ലൈസൻസ് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ സഞ്ചയ പ്രകാരം ഉപയോഗക്രമം വ്യത്യാസപ്പെട്ടു കാണുന്നു.

വിശദാംശം ചുവടെ

| ക്രമ നം. | കെട്ടിട നം. | ലൈസൻസ് രജിസ്റ്റർ ക്രമ നം | ഉടമസ്ഥൻ | ഉപയോഗംലൈസൻസ് രജിസ്റ്റർപ്രകാരം | സഞ്ചയപ്രകാരമുള്ള രേഖപ്പെടുത്തൽ |
|---|---|---|---|---|---|
| 1 | VII/510 | 80 | പി. ജയപ്രകാശ്, ബിബിൻ കോട്ടേജ് | ജെ.ബി ജനറൽ സ്റ്റോർ | പാർപ്പിടാവശ്യം |
| 2 | XIV/79A | 26 | തങ്കപ്പൻ നായർ, വിമൽ ഓവൻ, ആലന്തറ | ഗൗരി സ്റ്റോർ | പാർപ്പിടാവശ്യം |
| 3 | 2/275 | 20 | വിഷ്ണു ദാസ്, പ്രവീൺ നിവാസ് | വിഷ്ണു സ്റ്റോർ | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10ന് ലഭ്യമാക്കിയ മറുപടിയിൽ തെറ്റായ രേഖപ്പെടുത്തൽ മൂലമാണ്ക്രമ നം. 2, 3 എന്നിവയിൽ മേൽ അപാകങ്ങൾ സംഭവിച്ചതെന്നും ക്രമനം. 1ൽ തുടർന്നുള്ള

വർഷങ്ങളിൽ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നമാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് അപേക്ഷയിലും, വാടകക്കരാറിലും, അന്വേഷണ റിപ്പോർട്ടിലും ഇത്തരത്തിൽ തെറ്റായ നമ്പർ രേഖപ്പെടുത്തി ലൈസൻസ് നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര പിഴവാണ്. കൂടാതെ മേൽ വിവരങ്ങൾ സാധൂകരിക്കുന്ന രേഖകളോ ഫയലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ലൈസൻസ് അപേക്ഷകൾ പരിഗണിക്കുമ്പോൾ സഞ്ചയയിലെ രേഖപ്പെടുത്തലുകൾ കൂടി പരിശോധിക്കേണ്ടതും തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-13-4 സേവന ഉപനികുതി ഈടാക്കിയിട്ടില്ല

2011ലെ കേരള പഞ്ചായതത് രാജ് (വസ്തുനികുതിയുംസേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10ന് മറുപടി ലഭ്യമാക്കിയില്ല. വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

## 1-14 ഷോപ്പിംഗ് കോംപ്ലക്സ് -വാടക- ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള താഴെപ്പറയുന്ന കടമുറികളിൽ നിന്ന് 2019-20 സാമ്പത്തിക വർഷം വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാനവശേഷിക്കുന്ന തുക | മാസം |
|---|---|---|---|---|
| എസ്.സി 2 | ബിജി. കെ | 8146 | 16292 | 2 |
| എസ്.സി 3 | അനിൽകുമാർ. ടി | 8145 | 8145 | 1 |
| എസ്.സി 15 | രാജമ്മ | 4614 | 4614 | 1 |
| എസ്.,സി 21 | കെ.ദിലീപ് | 2210 | 19890 | 9 |
| എസ്,സി 23 | എ.എം ബഷീർ | 1868 | 11208 | 6 |
| എസ്.സി 24 | കെ. ഹരീഷ്, ഗിരീഷ് | 1966 | 17694 | 9 |
| എസ്.സി26 | അനീഷ് .എസ് | 7164 | 85968 | 12 |
| എസ്.സി27 | ബാബു.സി | 5734 | 68808 | 12 |
| എസ്.സി.28 | ശ്രീകണ്ഠൻനായർ | 8126 | 97512 | 12 |
| എസ്.സി.30 | എസ്.എസ്. രാജു | 5500 | 49500 | 9 |
| ബങ്ക് 1 | എം. അബ്ദുൾ ഫറോത്ത് | 946 | 3784 | 4 |
| ബങ്ക് 4 | രാജേന്ദ്രൻ നായർ | 589 | 4123 | 7 |
| ബങ്ക്5 | പൗലോസ്ഡാനിയൽ | 589 | 4123 | 7 |
| ഒ.എം.എസ് 2 | തങ്കച്ചൻ | 3320 | 9960 | 3 |
| ഒ.എം.എസ് 4 | രാജേഷ് | 6374 | 76536 | 12 |
| ഒ.എം.എസ് 5 | ഇ. അബ്ദുള്ള | 8474 | 84744 | 10 |
| ഒ.എം.എസ് 6 | ടി. ബദറുദ്ദീൻ | 8310 | 8310 | 1 |
| ഒ.എം.എസ് 7 | മോഹൻദാസ് | 5114 | 5114 | 1 |
| ഒ.എം.എസ് 8 | കോലപ്പൻ ആചാരി | 2553 | 22977 | 9 |
| ഒ.എം.എസ് 10 | അശോകൻ | 2434 | 2434 | 1 |
| ഒ.എം.എസ് 11 | രാജൻ ആചാരി | 2434 | 2434 | 1 |
| ഒ.പി.എസ്.പി1 | അംബിക | 878 | 7902 | 9 |

| | | | | |
|---|---|---|---|---|
| ഒ.പി. എസ്.പി 2 | ശിവപ്രസാദ് | 492 | 2952 | 6 |
| ഒ.പി.എസ്.പി 3 | നിഹാസ് | 710 | 4260 | 6 |
| എൻ.എം.എസ് 8 | സരസ്വതി. കെ | 800 | 6400 | 8 |
| NMS 9 | സതികുമാർ | 1099 | 8792 | 8 |
| NMS10 | അമ്പിളി | 399 | 4389 | 11 ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.11 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. |
| NMS 11 | ലീല | 800 | 6400 | 8 |
| NMS13 | ഓമന അമ്മ | 4494 | 22470 | 5 |
| NMS14 | മനോഹരൻപിള്ള | 1230 | 2460 | 2 |
| NMS 15 | കെ.ഓമന അമ്മ | 2496 | 27456 | 11 |
| NMS 16 | ഉനൈസ് | 2830 | 11320 | 4 |
| NMS17 | ഗുരുദാസ് | 2594 | 5188 | 2 |
| NMS21 | വിശ്വംഭരൻ | 487 | 1948 | 4 |
| NMS 22 | ലളിത, എസ് | 487 | 5357 | 4 |
| NMS 27 | സരോജം | 487 | 1948 | 4 |
| NMS 28 | സലിം | 487 | 3409 | 7 |
| NMS 34 | ബാദുഷ, ലളിത.എസ് | 487 | 3000 | 6 |
| NM S 35 | സരോജിനി അമ്മ | 487 | 487 | 1 |
| NMS 37 | ബേബി. സി | 487 | 4383 | 9 |
| New NMS1 | ഇന്ദിര | 1733 | 8655 | 5 |
| New NMS4 | സജി.എം | 347 | 694 | 2 |
| New NMS5 | ഷംസുദ്ദീൻ | 367 | 4037 | 11 |
| New NMS 9 | അബ്ദുൾ റഹിം | 849 | 7641 | 9 |
| New NMS 11 | ബഷീർ | 908 | 6356 | 7 |
| New NMS 13 | നിസാർ | 908 | 10896 | 12 |
| New NMS 14 | ഇബ്രാഹിം കുഞ്ഞ് | 908 | 10896 | 12 |
| New NMS 15 | തങ്ക കുട്ടൻ | 294 | 2646 | 9 |
| New NMS 16 | ശിവപ്രസാദ് | 876 | 10512 | 12 |
| New NMS 23 | അംബിക | 3008 | 27174 | 9 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.11 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക- ആനുപാതിക വർദ്ധനവ് വരുത്തിയിട്ടില്ല

ഒ.പി.എസി.പി. 2 നം. കടമുറി വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീ . ശിവപ്രസാദ്. എസ്,എസ്.ഭവനിൽ നിന്ന് 492 രൂപയാണ് മാസവാടക ഇനത്തിൽ ആറ് മാസത്തേക്ക് ഈടാക്കിയിരിക്കുന്നത്. ആറു മാസത്തെ വാടക മേൽ വ്യക്തി അടവാക്കിയിട്ടില്ല. 2018-19 ലും 492 രൂപ മാസവാടകയ്ക്കാണ് നൽകിയിരിക്കുന്നത്. 2019-20ൽ ആനുപാതിക വർദ്ധനവ് വരുത്താത്തതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.11ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ ഈടാക്കേണ്ടുന്ന തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-14-2 ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം-ലേലം- അപാകതകൾ

2019ഫെബ്രുവരി 28-ാംതീയതി നടന്ന ലേലത്തിൽ ലേലനോട്ടീസ് ക്രമനം. 11 പ്രകാരമുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം. എസ്.സി 30 (നിരതദ്രവ്യം 5000 രൂപ) ക്രമ നം. 12ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം. എസ്.സി 31 (നിരതദ്രവ്യം 10000 രൂപ) എന്നിവ ലേലം ചെയ്തു നൽകിയിട്ടുണ്ട്. പ്രസ്തുത ലേലത്തിൽ എസ്.സി 31എന്ന കടമുറി തോമസുകുട്ടി എന്നയാൾ 12200യ്ക്ക് ലേലത്തിൽ പിടിച്ചത് 1.3.2019 ലെ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചെങ്കിലും ലേലത്തുക കൂടുതലായതിനാൽ ടിയാനും തൊട്ടടുത്ത ലേലത്തുക വിളിച്ചിരുന്ന വ്യക്തിയ്ക്കും( സജിൻ 12000/- രൂപ)താല്പര്യമില്ലായെന്ന് അറിയിച്ചു. അതിനാൽ നിരതദ്രവ്യം തിരികെ നൽകേണ്ടതില്ലായെന്ന് തീരുമാനിക്കുകയും പുനർലേലം നടത്താൻ 16.3.2019ൽ കമ്മിറ്റി തീരുമാനിക്കുകയും

ചെയ്തു. ആദ്യ ലേലത്തിൽ ലേലം വിളി ആരംഭിച്ചത് എത്ര രൂപയ്ക്കാണെന്ന് ലേലഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല. 2019 ഏപ്രിൽ 2-ാം തീയതി നടന്ന പുനർ ലേലത്തിൽ എം. ഷൈജു എന്ന വ്യക്തി 6,000/-രൂപയ്ക്ക് എസ്.സി 31 എന്ന കടമുറി ലേലത്തിൽ പിടിച്ചിട്ടുണ്ട്. പ്രസ്തുത ലേലത്തിൽ ലേലം വിളി ആരംഭിച്ചിരിക്കുന്നത് 5000/- രൂപയ്ക്കാണ്. പ്രസ്തുത ലേലം അംഗീകരിച്ച കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4.4.2019ൽ ശ്രീ. തോമസുകുട്ടി പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ പരാതിയിൽ എസ്.സി 30, 31 എന്നിവ ഒരേ വലിപ്പമുള്ള കടമുറികളാണെന്നും എന്നാൽ 2019ഫെബ്രുവരി 26-ം തീയതി നടന്ന ലേലത്തിൽഎസ്.സി. 30ന്റെ ലേലം 5,000/- രൂപയ്ക്ക് ആരംഭിക്കുകയും എസ്.സി 31ന്റെ ലേലം 10000 രൂപയ്ക്ക് ആരംഭിക്കുകയും ചെയ്തതായി ചൂണ്ടികാണിച്ചിരിക്കുന്നു.

പ്രസ്തുത ലേല ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഷോപ്പിംഗ് കോംപ്ലക്സ് കടമുറി എസ്.സി.30പുനർലേലം നടന്ന തീയതി ലേലഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല. ലേലം അംഗീകരിച്ച കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2. രജിസ്റ്റർ പ്രകാരം എസ്.സി.30ന്റെ കെട്ടിട നം.7/1023ഉം എസ്.സി.31ന്റെ കെട്ടിട നം.7/1022ഉം ആണ്. സഞ്ചയപ്രകാരം പ്രസ്തുത കെട്ടിടങ്ങൾ രണ്ടും 12ച.മീ. വിസ്തീർണ്ണമുള്ളവയാണ്. ഒരേ വിസ്തീർണ്ണമുള്ള രണ്ട് കടമുറികൾക്ക് ലേലനോട്ടീസ് പ്രകാരം വ്യത്യസ്ത നിരതദ്രവ്യം നിർണയിച്ചതിന്റെ കാരണം വ്യക്തമല്ല. ലേല ഡയറിയിൽ ലേലം വിളി ആരംഭിച്ച തുക രേഖപ്പെടുത്താത്തതിനാൽ ലേലം എത്രമുതൽക്കാണ് ആരംഭിച്ചതെന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 38 ന് പ്രസ്തുത കടമുറികൾ വ്യത്യസ്ത അളവിലുള്ളവയാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അതിനാലാണ് വ്യത്യസ്ത നിരതദ്രവ്യം നിർണ്ണയിച്ചിട്ടുള്ളതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ മറുപടി സഞ്ചയയിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. രണ്ടു കടമുറികളും 2018-19 വർഷം കുടുംബശ്രീയ്ക്കും കെ.എസ്.ആർ.ടി.സിയ്ക്കും സൗജന്യമായി ആണ് നൽകിയിരുന്നതെന്നും മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു.

സഞ്ചയയിലെ രേഖപ്പെടുത്തലുകളുമായി ലഭ്യമാക്കിയ മറുപടിയിലെ കടമുറികളുടെ വിസ്തീർണ്ണം പൊരുത്തപ്പെടാത്ത സാഹചര്യത്തിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളുടെ വിസ്തീർണ്ണവും സഞ്ചയയിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-15 ബിൽഡിംഗ് പെർമിറ്റ്- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2/12/15ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്, ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.50 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം ഫയലുകൾ സൂക്ഷിക്കുന്നത് കെട്ടിട നിർമ്മാണ പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയാൽ തിരിച്ചറിയുന്നതിന് എളുപ്പത്തിൽ സഹായകരമാകും എന്നതിനാൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-15-1 പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് കെട്ടിട നിർമ്മാണം

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പെർമിറ്റ് നം. A4/TBA/55976/2017 Dated 21.10.2017 പ്രകാരം ലഭിച്ചിരുന്ന കെട്ടിടത്തിന്റെ പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് വാണിജ്യമേഖലയാക്കിയത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത ഖണ്ഡികയിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.42 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടം എൽ.എസ്.ജി.ഡി എ.ഇയെക്കൊണ്ട് മെഷർ ചെയ്യിപ്പിക്കേണ്ടതും പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് വാണിജ്യാവശ്യത്തിന് നിർമ്മിച്ച ഭാഗത്തിന് പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും

പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് പിഴ ഈടാക്കേണ്ടതുമാണ്. പാർപ്പിടാവശ്യത്തിന് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനത്തിന് പഞ്ചായത്ത് ലൈസൻസ് നൽകിയത് വിശദീകരിക്കേണ്ടതാണ്.

## 1-16 മാർക്കറ്റ് ലേലം - അപാകതകൾ

മാർക്കറ്റ്& മത്സ്യമാർക്കറ്റ് എന്നിവ 2.4.2019ൽ നടന്ന ക്വട്ടേഷനിൽ പങ്കെടുത്ത് 4,51,001/- രൂപയ്ക്ക് ലേലം കൊണ്ടിരുന്ന ശ്രീ. അനൂപ്.എസ്.വി, അനീഷ് ഭവൻ, മുക്കുന്നൂർ എന്ന വ്യക്തി താഴെപ്പറയും പ്രകാരം ലേലത്തുക അടവാക്കിയിട്ടുണ്ട്.

| രസിത് നം | തുക (നികുതികൾ ഉൾപ്പെടെ) |
|---|---|
| 119010100067/3.4.2019 | 35,000/- |
| 119010100082/4.4.19. | 1,49,860/- |
| 119010102210/3.7.2019 | 1,00,006/- |
| 119010104572 | 1,00,000/- |
| ആകെ | 3,84,866/- |

ലേല നിബന്ധന പ്രകാരം മേൽ വ്യക്തി 1,20,251/- രൂപ നികുതികൾ ഉൾപ്പെടെ അടവാക്കാനവശേഷിക്കുന്നു.

ലേല നോട്ടീസ് നിബന്ധന ക്രമ നം.7 പ്രകാരം മാർക്കറ്റിന്റെ ലേലം അംഗീകരിച്ച് അറിയിക്കുന്ന മുറയ്ക്ക് ലേലത്തുകയ്ക്ക് തുല്യമായ തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കി നിശ്ചിത തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. എഗ്രിമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സോൾവൻസി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24 ന് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് പരാമർശമില്ല. സോൾവൻസി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിൽ തടസ്സം നേരിട്ടേയ്ക്കാം. പ്രസ്തുത ലേലം അംഗീകരിച്ച കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.24ന് ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചെങ്കിലും കോവിഡ് ആയതിനാൽ ഒരുവിധ റവന്യൂ റിക്കവറികളും നടത്താൻ പാടില്ലായെന്ന സർക്കാർ പ്രഖ്യാപനം ഉള്ളതിനാൽ റവന്യൂ നടപടികൾ തുടരാൻ കഴിഞ്ഞിട്ടില്ലായെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഉചിതമായ നടപടികൾ സ്വീകരിച്ച് തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16-1 മരങ്ങളുടെ ലേലം- തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല

2.5.2019ലെ ജനറൽ കമ്മിറ്റി മിനിട്സ് തീരുമാനം നം.12 പ്രകാരം ഗവ. യു.പി.എസ് കോമ്പൗണ്ടിനകത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മൂന്ന് മരങ്ങൾ മുറിച്ച് മാറ്റുന്ന മുറയ്ക്ക് ലേല നടപടികൾ സ്വീകരിക്കുന്നതിനും ലേലം കൊള്ളുന്ന തുക പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 22 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ മേൽ വിഷയം സംബന്ധിച്ച് പരാമർശമില്ല. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16-2 അനധികൃത മണ്ണ് ഖനനം- തുടർനടപടി വിവരം ലഭ്യമാക്കിയില്ല

ജനറൽ കമ്മിറ്റി മിനിട്സ് 2.5.2019 ലെ തീരുമാനം നം.10 പ്രകാരം ഗവ. യു.പി.എസ് കെട്ടിടം പൊളിച്ച്

അതിലെ സാമഗ്രികൾ ടെൻഡർ പ്രകാരം ഏറ്റെടുത്ത കോൺട്രാക്ടർ കെട്ടിട സാമഗ്രികളോടൊപ്പം വളരെ ആഴത്തിൽ മണ്ണും കടത്തി കൊണ്ടു പോകുന്നതായി കാണിച്ച് ഹെഡ്മിസ്ട്രസ് കത്ത് നൽകിയിട്ടുണ്ട്. സ്കൂളിൽ നിന്ന് അനധികൃതമായി കടത്തിയ മണ്ണിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് എ.ഇയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.22ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ ഇത് സംബന്ധിച്ച് പരാമർശമില്ല. ആയതിന്റെ തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 ആസ്തി സംരക്ഷണം- അപാകതകൾ

പഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-17-1 ആസ്തി പരിപാലന കമ്മിറ്റി- രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി 20.01.2017 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.37/28.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ, കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമാണോയെന്ന് വിലയിരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

### 1-17-2 ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുവാൻ, ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.37/28.07.2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. അതുകൊണ്ടു തന്നെ തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം, ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത എന്നിവ ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

### 1-17-3 ആസ്തി സംരക്ഷണം ഫലപ്രദമല്ല.

എ) ഭരണസമിതിയുടെ 8(3)/24-02-2021-ാം നമ്പർ തീരുമാന പ്രകാരം വെഞ്ഞാറമൂട് മാർക്കറ്റിൽ അരുൺകുമാർ എന്നയാൾ അനധികൃമായി നിർമ്മിച്ച കടമുറിയ്ക്ക് 04/2020 മുതൽ 03/2021 വരെയുള്ള വാടക പ്രതിമാസം 3,500/- രൂപ നിരക്കിൽ ഇയാളിൽ നിന്ന് ഈടാക്കുന്നതിന് തീരുമാനിച്ചു. പഞ്ചായത്ത് സ്ഥലം കയ്യേറി അനധികൃതമായി നിർമ്മാണം നടത്തിയ വ്യക്തിക്കെതിരെ സ്വീകരിച്ച നടപടി, ഇയാളിൽ നിന്നും ഈടാക്കിയ വാടകയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.37/28.07.2021) മറുപടി ലഭ്യമാക്കിയില്ല.

(ബി) 31/03/2020-ലെ തീരുമാനം 9(1) പ്രകാരം എം.സി.റോഡ് വികസനവുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേയിൽ വെഞ്ഞാറമൂട് കണങ്കോട് റോഡിൽ പുറമ്പോക്ക് ഭൂമി കയ്യേറി അനധികൃതമായി കെട്ടിട നിർമ്മാണം നടത്തിയ ശ്രീ.ഷെരീഫ് (വെഞ്ഞാറമൂട് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി) എന്നിവർക്ക് പൊളിച്ച് മാറ്റുന്നതിന് കത്ത് നൽകിയിട്ടും നടപടികളൊന്നും സ്വീകരിക്കാത്ത സാഹചര്യത്തിൽ ഹിയറിംഗ് നടത്തുന്നതിന് നോട്ടീസ് നൽകുവാനും ടി കക്ഷികൾക്ക് പറയാനുള്ളത് കേൾക്കുവാനും തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/19.07.2021) മറുപടി ലഭ്യമാക്കിയില്ല.

(സി) 30/11/2019 തീയതിയിലെ തീരുമാനം 19(4) പ്രകാരം കോട്ടുക്കുന്നം വാർഡിൽ വാഴ്വേലിക്കോണം ഭാഗത്ത് 4/5, 4/25, 16/5, 4/37, 4/30 സർവ്വേ നമ്പറിൽപ്പെട്ട വസ്തുവിൽ ഉൾപ്പെടുന്ന പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് 29/06/2018തീയതിയിലെ 13(1) പ്രകാരം തീരുമാനം എടുത്തെങ്കിലും അളവ് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഈ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നറിയിച്ച് ശ്രീമതി ബിന്ദു അരുൺകുമാർ സമർപ്പിച്ച അപേക്ഷ കമ്മിറ്റി ചർച്ച ചെയ്തു. പ്രസ്തുത

ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുന്നതിന് താലൂക്ക് സർവ്വേയറോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം. 21/19.07.2021) മറുപടി ലഭ്യമാക്കിയില്ല.

(ഡി) 01/03/2019 തീയതിയിലെ അജണ്ട 10 തീരുമാനം16 പ്രകാരം ഗ്രാമപഞ്ചായത്ത് വക വാഹനം KL -21-P 5594 പഞ്ചായത്ത് ഓഫീസിന് സമീപം പാർക്ക് ചെയ്തപ്പോൾ അജ്ഞാത വാഹനം തട്ടിയത് സംബന്ധിച്ച് ഉണ്ടായ കേടുപാടുകൾ തീർക്കുന്നതിന് സർവ്വീസ് ചെയ്യുകയും അത് പ്രകാരം 46559/- രൂപ റ്റി.വി. സുന്ദരം അയ്യങ്കാർ എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തു. വാഹനത്തിന് ഇൻഷ്വറൻസ് ഉള്ളതിനാൽ തുക പിന്നീട് ലഭിക്കും എന്നതിനാലാണ് തുക നൽകിയത് എന്നും രേഖപ്പെടുത്തലുണ്ട്. ഈ തുക ഇൻഷ്വറൻസ് തുകയിൽ നിന്ന് റീരുപ്പ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/19.07.2021) മറുപടി ലഭ്യമാക്കിയില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച വിശദമായ ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട പരാതി പരിശോധിച്ച് പഞ്ചായത്തിന്റെ ആസ്തി നഷ്ടപ്പെടുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും ആയത് സംബന്ധിച്ച വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-18 ക്ഷീരവികസന മേഖലയിൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പാലിന് സബ്സിഡി പദ്ധതിയിൽ മാർഗ്ഗരേഖ പൂർണ്ണമായി പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നതു നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

എന്നാൽ ഇപ്രകാരമുള്ള 2019-2020 വർഷ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (12/15.07.2021) സുലേഖ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി. പ്രസ്തുത സാക്ഷ്യപത്രം മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന സമയത്തു തന്നെ തയ്യാറാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യാഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നമ്പർ | അപേക്ഷന്റെ പേര്-ബെനഫിഷറി നമ്പർ | അപാകത |
|---|---|---|
| 1 | ബാബുകുമാർ, കെ എൽ വിലാസം, കോട്ടുകുന്നം- 1/8 | അപേക്ഷകന്റെ ഒപ്പ്, തീയതി എന്നിവ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | കെ ഗോപിനാഥൻ നായർ, വിളയിൽ പുത്തൻവീട്- 16/11 | അപേക്ഷാഫാറത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 3 | തങ്കമ്മ, ഇടവംപറമ്പ് കോളനി- 16/29 | അപേക്ഷാഫാറത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ലീല, നെടിയവിള വീട്, മൈലക്കുഴി-10/1 | അപേക്ഷാഫാറത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ശ്രീധരൻ പിള്ള, കുന്നിൽ പുത്തൻ വീട്- 16/23 | അപേക്ഷകന്റെ ഒപ്പ്, തീയതി എന്നിവ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |

പ്രസ്തുത അപാകതയെ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 12/15.07.2021) അപാകതകൾ വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി.

അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ അവ പൂർണ്ണവും വ്യക്തവുമാണെന്ന് ഉറപ്പുവരുത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 വിദ്യാഭ്യാസ മേഖലയിൽ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

എച്ച്. എം. നടപ്പാക്കിയ പ്രോജക്ടുകളിൽ കണ്ടെത്തിയ അപാകതൾ വിശദാംശത്തോടൊപ്പം ചുവടെ ചേർക്കുന്നു.

1-19-1 വിഭവങ്ങളുടെ വ്യക്തമായ ധാരണയില്ലാതെ പ്രോജക്ട് രൂപീകരിച്ചു

പ്രോജക്ട് നമ്പർ 36/20 -സ്കൂളുകൾക്ക് ഫർണിച്ചർ എന്ന പ്രോജക്ടിനു 20,000/-രൂപ അടങ്കൽ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത പ്രോജക്ട് തൻവർഷം നടപ്പിലാക്കിയില്ല. പ്രസ്തുത തുകയ്ക്കുള്ള വാങ്ങൽ സ്കൂളുകൾക്ക് അപര്യാപ്തമായതിനാലാണ് നടപ്പിലാക്കാൻ കഴിയാഞ്ഞത് എന്നാണ് പദ്ധതി വിശദീകരിച്ചിട്ടുള്ളത് (എൻക്വയറി നം.14/16.07.2021ന്റെ മറുപടി).

29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 7.6 (6) പ്രകാരം സ്കൂളുകൾക്ക് ഫർണീച്ചർ ലഭ്യമാക്കുന്നതിനു മുൻഗണന നൽകണം എന്നു വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ എൻക്വയറിക്കു ലഭ്യമായ മറുപടി സ്വീകാര്യമല്ല. പദ്ധതിയുടെ ആവശ്യകതാ നിർണ്ണയവും അതിനനുസരിച്ച് അടങ്കൽ വകയിരുത്തുന്നതിനും ഖണ്ഡിക 3.4.1 (2) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിഭവങ്ങളുടെ ലഭ്യതയെ സംബന്ധിച്ചുള്ള കൃത്യമായ ധാരണയുടെ അഭാവം മൂലമാണ് പ്രസ്തുത പദ്ധതിയുടെ അടങ്കൽ അപര്യാപ്തമായത്. ആയതിനാൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവർ പദ്ധതികൾ രൂപികരിക്കുന്നത് കൃത്യമായ ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും പദ്ധതികളുടെ പൂർത്തീകരണം ആവശ്യങ്ങൾ നിറവേറ്റുന്നതിനു പര്യാപ്തമാണെന്നും ഉറപ്പു വരുത്തേണ്ടതാണ്.

1-19-2 തുല്യതാ സാക്ഷരതാ പരിപാടി - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പത്താം തരം തുല്യതാ പരീക്ഷ (41/2020)/, ഹയർസെക്കൻററി തുല്യതാ പരീക്ഷ (43/2020 )എന്നീ പദ്ധതികൾ പ്രകാരം കൊല്ലം ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്ററുടെ 17.07.2019ലെ DLM/KLM/A2/15-19 നം കത്തിന്റെ അടിസ്ഥാനത്തിൽ പത്താംതരം തുല്യതാ പരീക്ഷയ്ക്കു വേണ്ടി 43 പഠിതാക്കൾക്ക് 1850/-രൂപ വീതം 79,550/-രൂപയും (തനത് ഫണ്ട് ചെക്ക് നം.758014,11/10/19) ഹയർസെക്കൻററി തുല്യതാ പരീക്ഷയ്ക്കു വേണ്ടി 78 പഠിതാക്കൾക്ക് 2,500/-രൂപ വീതം 1,95,000/-രൂപയും (തനത് ഫണ്ട് ചെക്ക് നം.758015,11/10/2019,) കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

നമ്പർ 190/20 -തുല്യത (സാക്ഷരത പരിപാടി) എന്ന പ്രോജക്ടിൽ പഠിതാക്കളെ രജിസ്റ്റർ ചെയ്തതിന്റെ സർട്ടിഫിക്കറ്റ് മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (14/16.07.2021) പ്രസ്തുത വിവരങ്ങൾ സാക്ഷരതാ മിഷൻ ഓഫീസിൽ നൽകിയതിനാൽ ലഭ്യമാക്കാൻ കഴിയില്ല എന്നാണ് മറുപടി നൽകിയത്.

1-19-3 പ്രൈമറി സ്കൂളിലെ നിർധന വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- ചെലവു രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ 35/20 – പ്രൈമറി സ്കൂളിലെ നിർധന വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം എന്ന പദ്ധതിയുടെ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ-തുക | സബ് വൗച്ചർ നമ്പർ-തുക | സബ് വൗച്ചർ ഇനം | കാഷ് ബുക്കിൽ വരവു വെച്ച തീയതി | അപാകത |
|---|---|---|---|---|---|
| 1 | 06/2020 | 02/19 | അരിപൊടിച്ച | 26/11/2019 | പ്രസ്തുത കൈപ്പറ്റ |

| | | | | | |
|---|---|---|---|---|---|
| | 125292/- രൂപ ഒക്ടോബർ മാസത്തെ പ്രഭാതഭക്ഷണം | 2400/- രൂപ | നൽകിയതിനുള്ള തുക | 125292/- രൂപ | രസീതിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി 31/12/2019 |
| 2 | 06/2020 125292/- രൂപ ഒക്ടോബർ മാസത്തെ പ്രഭാതഭക്ഷണം | 04/19 12645/- രൂപ | പച്ചക്കറി- കോലിയക്കോട് കൺസ്യൂമർ സഹകരണ സംഘത്തിൽ നിന്നും വാങ്ങിയത് | 26/11/2019 125292/- രൂപ | പ്രസ്തുത കൈപ്പറ്റു രസീതിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി 31/12/2019 |
| 3 | 08/2020 50400/- രൂപ നവംബർ മാസത്തെ പ്രഭാതഭക്ഷണം | 06/19 15938/- രൂപ | പച്ചക്കറി വാങ്ങിയത് | 06/01/2020 50400/- രൂപ | സബ് വൗച്ചറിന്റെ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (14/16.07.2021) പട്ടികയിലെ ക്രമ നമ്പർ 1,2 എന്നിവയിലെ വൗച്ചറുകളിലെ തീയതിയിലെ വ്യത്യാസം ശ്രദ്ധിക്കാതെ പോയതാണെന്നു മറുപടി ലഭ്യമാക്കി.

പട്ടികയിലെ ക്രമ നമ്പർ 3 പ്രകാരം ഉള്ള തുകയുടെ ബിൽ പരിശോധനയ്ക്ക് ഉടനെ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നിരാകരണമായി മാറുന്നതാണ്.

ബില്ലുകൾ ലഭ്യമാകുമ്പോൾ തന്നെ തീയതിയും തുകയും പരിശോധിച്ച് അവയുടെ കൃത്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. ബില്ലുകളും സബ് വൗച്ചറുകളും ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതും അവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

## 1-20 ആരോഗ്യരംഗം - മെഡിക്കൽ ഓഫീസർ- ആയുർവേദം നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ- ആയുർവേദം നടപ്പാക്കിയ പ്രോജക്ടുകളിൽ കണ്ടെത്തിയ അപാകതകൾ വിശദാംശത്തോടൊപ്പം ചുവടെ ചേർക്കുന്നു.

### 1-20-1 ബിൽ സാക്ഷ്യപ്പെടുത്തുന്നില്ല

സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 12.22 പ്രകാരം പുതിയ വാങ്ങലുകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

എന്നാൽ പ്രോജക്ട് നമ്പർ 14,26,214 എന്നിവയുടെ ബില്ലിന്റെ ഓഫീസ് പകർപ്പിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകത വരുംവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 32/23.07.2021).

### 1-20-2 മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ കരാർ ഇല്ല

പ്രോജക്ട് നമ്പർ 14, 26, 214 എന്നിവയ്ക്ക് ഔഷധിയുമായി മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഔഷധിയുമായി കരാർ മുദ്രപ്പത്രത്തിൽ തയ്യാറാക്കായിട്ടില്ലെന്നും മേൽ അപാകത വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.32/23.07.2021).

### 1-20-3 മരുന്നുകൾ കൃത്യമായി ലഭ്യമാക്കുന്നില്ല

പ്രോജക്ട് നമ്പർ 14, 26 എന്നിവയ്ക്ക് മരുന്നുകളുടെ ഇൻഡന്റ് നൽകി രണ്ടു മാസം കഴിഞ്ഞിട്ടും മരുന്നുകൾ

പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. ലഭ്യമാക്കിയ ഇൻവോയ്സുകൾ പ്രകാരമുള്ള പ്രസ്തുത പ്രോജക്ടുകളുടെ വിതരണം പൂർത്തിയാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | വിതരണം പൂർത്തിയാക്കിയ തീയതി | ബിൽ നം./ തീയതി |
|---|---|---|---|
| 1 | 26/2019-2020- വൃദ്ധപരിപാലനം | 27/08/2020 | Bill No.01/19-20, Dtd 25.11.2019 |
| 2 | 14/2019-2020- ആയുർവേദ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ | 23/10/2020 | Bill No.02/19-20, Dtd 10.12.2019 Bill No.03/19-20, Dtd 17.12.2019 |

ഹാജരാക്കിയ രേഖകൾ പ്രകാരം മരുന്നുകളുടെ സമയബന്ധിതമായ ലഭ്യതയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

സ.ഉ(കൈ) നം. 22/2018/തസ്വഭവ, തിരുവനന്തപുരം, തീയതി 14.02.2018 ഖണ്ഡിക 7.5.4 പ്രകാരം ആയുർവേദ മരുന്ന് ലഭിക്കുന്നതിന് ഔഷധിയിൽ കാലതാമസമുണ്ടാകുന്നുവെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് മെഡിക്കൽ ഓഫീസർമാർക്ക് മരുന്ന് പുറമേ നിന്ന് വാങ്ങാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നും പ്രസ്തുത പ്രോജക്ടുകൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനു സ്വീകരിച്ചിട്ടില്ല.

ആവശ്യപ്പെട്ട മരുന്നുകളുടെ വിതരണ കാലാവധിയും അനുബന്ധ സേവനങ്ങളുടെ പൂർത്തീകരണവും നിശ്ചിത തീയതി സഹിതം കരാറിൽ കൃത്യമായി സൂചിപ്പിക്കേണ്ടതാണ് (സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 10.1) ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇപ്രകാരമുള്ള കരാറിൽ പ്രസ്തുത പ്രോജക്ടുളുടെ നിർവ്വഹണസമയത്ത് ഏർപ്പെട്ടിട്ടില്ല.

മരുന്നുകളുടെ സമയബന്ധിതമായ വിതരണം ഉറപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതികളുടെ പുരോഗതി ബന്ധപ്പെട്ട ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, സ.ഉ(കൈ) നം.22/2018/തസ്വഭവ, തിരുവനന്തപുരം, തീയതി 14.02.2018 ഖണ്ഡിക 11 പ്രകാരം വിലയിരുത്തേണ്ടതും പ്രോജക്ടുകളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. പ്രോജക്ടുകളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനു ആവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

## 1-20-4 കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ സ്വീകരിച്ചു

പ്രോജക്ട് 14/2019-2020- ആയുർവേദ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ എടുത്തതായും പ്രസ്തുത മരുന്നുകൾ വിതരണം ചെയ്തതായും കാണുന്നു. അപാകതയെ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ, ഇൻഡന്റ് ബുക്ക് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/ | ഇനം | എക്സ്പയറി തീയതി | എണ്ണം-വില | സ്റ്റോക്ക് രജിസ്റ്റർ | ഇൻഡന്റ് വിവരങ്ങൾ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | തീയതി | | | | പ്രകാരമുള്ള തീയതി | |
| 1 | 90146405 Dtd 31/12/2019 | അമൃതാദി ചൂർണ്ണം-SC 500gm | 12/2019 | 17 Nos-1428/- | പേജ് നമ്പർ 129 തീയതി 03/01/2020 | ഇൻഡന്റ് നമ്പർ 21/19-20 തീയതി 16/01/2020 |
| 2 | 90158160 Dtd 24/03/2020 | മുറിവെണ്ണ ഓയ് ൻമെന്റ് -10 Gm | 02/2019 | 14 Nos-266/- | - | 31/03/2020 ലെ നീക്കിയിരിപ്പ്-333 Nos |

പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/23.07.2020) അപാകത ഇൻവോയ്സുകളിൽ സാങ്കേതിക പിഴവു മൂലം സംഭവിച്ചാണെന്നും ഔഷധിയിൽ നിന്നും ലഭിച്ച പിഴവു തിരുത്തിയ പുതിയ ഇൻവോയ്സ്, പിഴവു സംബന്ധിച്ച കത്തോടൊപ്പം ഹാജരാക്കിയിട്ടുണ്ട്.

മരുന്നുകൾ സ്റ്റോക്കിൽ എടുക്കുമ്പോഴും അവ വിതരണം ചെയ്യുമ്പോഴും അവയുടെ കാലാവധി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതു നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. അതിൽ ഉദ്യോഗസ്ഥൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

<u>1-21 കാർഷിക മേഖല- പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല.</u>

29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 13.1പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതുമാണ്. എന്നാൽ, കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ മോണിറ്റർ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.37/23.07.2021) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഭരണസമിതിയും ശ്രദ്ധചെലുത്തേണ്ടതാണ്.

<u>1-22 പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്ത് പ്രതിമാസം 136500/-രൂപ വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നു. ആകെ 312 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്ന്, ഓഡിറ്റ് എൻക്വയറി നം.4ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ 14/6/21 ൽ പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുത്തുവെങ്കിലും, ആയതു നടപ്പിലായിട്ടില്ല. സർക്കാർ ഉത്തരവു നം.2242/11/ എൽ.എസ്.ജി.ഡി, തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്.

<u>വെള്ളക്കരം-KWA ബില്ലുകളിൽ പൊരുത്തക്കേട്</u>

ഗ്രാമപഞ്ചായത്ത് പ്രതിമാസം 136500/-രൂപ വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നു.എന്നാൽ KWA യുടെ ബില്ലുകളിൽ Closing Balance ,Fine എന്നിവ കൂടി ഉൾപ്പെടുത്തി,സങ്കീർണ്ണമായ ബിൽ തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്.ഉദാഹരണമായി,ബിൽ നം 40294 തീ.31/1/20 പ്രകാരം,Closing Balance As On 31/12/19 -(-)17917 Demand For The Month-136500 രൂAmount Payable -118583/-രൂ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ വൌച്ചർ നം.21900749 തീ.27/12/19 പ്രകാരം ഗ്രാമപഞ്ചായത്ത് 136500/-രൂപയാണ് വെള്ളക്കരമായി KWA-യ്ക്ക് നല്കിയിട്ടുള്ളത്. അതുപോലെ, ബിൽ നം 34139 തീ.25/4/19പ്രകാരം, Closing Balance As On 30/4/20-(-)8287 Demand For The Month-136500/-രൂAmount Payable -128213രൂ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വൌച്ചർ നം.22000143 തീ26/5/20പ്രകാരം ഗ്രാമപഞ്ചായത്ത് 136500/-രൂപയാണ് വെള്ളക്കരമായി KWA-യ്ക്ക് നല്കിയിട്ടുള്ളത്. ബില്ലുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് KWA-യ്ക്ക് കത്തു നൽകിയെങ്കിലും, നടപടി ഒന്നും ഉണ്ടായില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.4ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി, താഴെപറയുന്ന വിധം, KSEB ൽ തുക ഒടുക്കു വരുത്തിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

| ക്രമനം | തുക | ബിൽനം/വൌച്ചർ നം | പ്രോജക്ട് നം |
|---|---|---|---|
| 1 | 49860 | 8/10-8-19 | 98/19-20 |
| 2 | 32476 | 12/23-9-19 | ടി |
| 3 | 12495 | 2190093/25-1-20 | ടിൻ |
| 4 | 18521 | 21900760/30-12-19 | ടി |
| 5 | 24008 | 17/18-11-19 | ടി |

1-24 എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ പൊതുമരാമത്ത് ചട്ടം പാലിക്കപ്പെടുന്നില്ല.

പ്രോജക്ടിന്റെ പേര്-നെല്ലനാട് സ്കൂൾ കെട്ടിടം ചോർച്ചമാറ്റൽ

പ്രോജക്ട് നം.200-/19-20

അടങ്കൽ തുക-200000/- രൂ

ചെലവു തുക-197435/-രൂ

ബിൽ നം-22/7-8-19,തുക-197435/-രൂ

മേൽ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റു പ്രകാരം, ക്രമ നം.1 മുതൽ 7വരെ ഇനങ്ങളിലായി, നെല്ലനാട് സ്കൂളിലെ രണ്ടു നിലയുള്ള RCC കെട്ടിടം ചോർച്ചമാറ്റുന്നതിനായി, ട്രസ്സ് വർക്ക് ചെയ്ത്ഷീറ്റ് ഇടുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി നിർവ്വഹിക്കുന്നതിനു തൊട്ടുമുമ്പായി റൂഫ് ഏരിയ കൂടുതൽ ആയതിനാൽ, ടി പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുക കുറവാണ് എന്ന കാരണം പരാമർശിച്ച്, ചോർച്ച ഒഴിവാക്കുന്നതിന് Roof Top Chip ചെയ്ത്, Plaster ചെയ്ത്, മഴവെള്ളം Roof Top ന്റെ ഒരു ഭാഗത്തേക്ക് ഒഴുക്കി, PVC Drain Pipe ഇട്ടുകൊടുത്ത്, മഴവെള്ള സംഭരണിയിലേക്ക് ഒഴുക്കി വിടുന്നതിനും, ബാക്കി വരുന്ന തുകയ്ക്ക്, സ്കൂൾ അധികാരികൾ ആവശ്യപ്പെട്ട പ്രകാരം, ക്ളാസ് റൂം, ടൈൽസ് ഇടുന്നതിനും, Revised Estimate തയ്യാറാക്കി നിർവ്വഹിച്ചതായി, Revised Estimate REFPORT ൽ പറയുന്നു.

(A) ആദ്യ എസ്റ്റിമേറ്റ് സൈറ്റ് പരിശോധിക്കാതെയും അളവുകൾ കൃത്യമായി കണക്കാക്കാതെയും ചെയ്തതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്ന് കാണുന്നു.

(B) പൊതുമരാമത്ത് ചട്ടങ്ങൾ, ചട്ടം6-1(നിർദ്ദേശങ്ങൾ) പ്രകാരം, മതിയായ തുക വകയിരുത്താതെ, പ്രവൃത്തി ആരംഭിക്കാൻ പാടുള്ളതല്ല.

(C)നിർദ്ദേശം 1601-1-4 പ്രകാരം,വിശദമായ സൈറ്റ് പരിശോധനയ്ക്കു ശേഷം, നിലവിലുള്ള സാഹചര്യത്തിൽ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ചെലവു കൃത്യമായി കണക്കാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

(D)നിർദ്ദേശം 1601-1-4 പ്രകാരം, Detailed Estimate തയ്യാറാക്കി, സാങ്കേതികാനുമതി നേടിയ ശേഷം, എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ്, എസ്റ്റിമേറ്റിൽ മാറ്റം വരുന്ന പക്ഷം, നിലവിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് ക്യാൻസൽ ചെയ്ത്, റീ-കാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ ഒന്നും തന്നെ ടി പ്രവൃത്തിയിൽ പാലിക്കപ്പെട്ടിട്ടില്ല. (ഓഡിറ്റ് എൻക്വയറിക്ക് നം.39)

## 1-25 ഡിപ്പാർട്ടുമെന്റ് വക പാറയുടെ വില ഈടാക്കിയില്ല

പ്രോജക്ടിന്റെ പേര്-കൃഷിഭവൻ ചുറ്റമതിൽ നിർമ്മാണം

പ്രോജക്ട് നം.80/19-20

അടങ്കൽ തുക-4,00,000/-രൂ

ചെലവു തുക-3,99,137/-രൂ

ബിൽ നം-32/7-8-19

ടി പ്രവൃത്തിയുടെ M-Book, (No.552/18-19)പേജ് നം.2, ഐറ്റം നം-2 ആയി, 3.54 Cum 'Stone Rubble Masonry"പൊളിച്ച് അടുക്കി വയ്ക്കുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇതേ M-Book,(No.552/18-19)പേജ് നം.29, പ്രകാരം, ആകെ 22.66cum. Random Rubble Masonry With Hard Stone എന്ന ഇനം ചെയ്തിട്ടുണ്ട്.എന്നാൽ ഈ പ്രവൃത്തിക്ക്,നേരത്തെ ഐറ്റം നം-2 പ്രകാരം ലഭിച്ച പാറ ഉപയോഗിച്ചിട്ടില്ല. ഇപ്രകാരം, ലഭ്യമായ Departmental Rubble വിനിയോഗിച്ചിട്ടില്ലാത്തതിനാൽ, 3.54 Cum പാറയുടെ വിലയായ (865 X 3.54 = 3062) 3,062/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.28ന് മറുപടി ലഭ്യമാക്കിയില്ല.

## 1-26 ഗുണഭോക്തൃസമിതിയെ ഏല്പിച്ച പ്രവൃത്തി കരാറുകാരനു നൽകി-സർക്കാർ ഉത്തരവിന്റെ ലംഘനം.

പ്രോജക്ടിന്റെ പേര്-ആലന്തറ സ്കൂൾ ഓപ്പൺ എയർ ഓഡിറ്റോറിയം.
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

പ്രോജക്ട് നം.197-/19-20

അടങ്കൽ തുക-6,00,000/- രൂ

ചെലവു തുക-5,24,745/-രൂ

ബിൽ നം-28/20-12-19,തുക-2,34,200/-രൂ

ചെക്ക് നം-44611/16-12-19, തുക-2,90,545/-രൂ

പ്രവൃത്തി നിർവ്വഹണത്തിനായി, ഹെഡ്മിസ്ട്രസ് കൺവീനറായി കമ്മിറ്റി രൂപീകരിച്ച്, 30/10/19ൽ പഞ്ചായത്തും, കമ്മിറ്റിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. "ടി പ്രവൃത്തി നിർവ്വഹണം പൂർണമായോ, ഭാഗികമായോ, യാതൊരു കരാറുകാരനെയും ഏല്പിക്കാൻ പാടില്ല" എന്ന്, പ്രസ്തുത ഉടമ്പടിയുടെ ഖണ്ഡിക 2ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി, ടി പ്രവൃത്തി പൂർണമായും, അഖിൽ .എസ്.കുമാർ എന്ന കരാറുകാരനെ ക്വട്ടേഷനിലൂടെ തിരഞ്ഞെടുത്ത്, ഏല്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത്, ജി.ഓ.(എം.എസ്.)11/18തസ്വഭവ, തീ.29-1-18, ജി.ഓ.(എം.എസ്.) 17/18തസ്വഭവ, തീ.2-2-18, എന്നിവയുടെ ലംഘനമാണ്. ടി പ്രവൃത്തി നിർവ്വഹണം നടത്താനുള്ള സാങ്കേതിക വൈദഗ്ധ്യം, ഹെഡ്മിസ്ട്രസിന് ഇല്ലാഞ്ഞതിനാലാണ്, ഈ വിധം കരാറുകാരനെ ഏല്പിച്ചതെന്ന്, ഓഡിറ്റ് എൻക്വയറിക്ക് നം.29 ന് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തി, ഹെഡ്മിസ്ട്രസിനെ ഏല്പിച്ചതിന്റെ സാംഗത്യം വ്യക്തമാകുന്നില്ല.

## 1-27 കെൽട്രോണിൽ നിന്ന് തുക തിരികെ ഈടാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം.So-107/20 ൽ ഉൾപ്പെടുത്തി, കെൽട്രോണിൽ നിന്ന് രണ്ടു കംപ്യൂട്ടർ, രണ്ടു പ്രിന്റർ എന്നിവ വാങ്ങാൻ, ഐ.ടി.മിഷൻ അക്കൗണ്ട് വഴി 1,09,710/- രൂപ 24/01/20 ൽ കെൽട്രോണിന് കൈമാറി. പ്രിന്റർ ലഭ്യമല്ലാത്തതിനാൽ, രണ്ടു കംപ്യൂട്ടർ മാത്രമേ കെൽട്രോൺ ലഭ്യമാക്കിയുള്ളു. രണ്ടു കംപ്യൂട്ടറുകളുടെ വില കഴിച്ച് ബാക്കി തുക(10970-80258=29452)തിരികെ നൽകാൻ ആവശ്യപ്പെട്ട്, അസി.എഞ്ചിനീയർ 17/3/20ന് കെൽട്രോണിന് കത്തു നൽകിയിട്ടുണ്ടെങ്കിലും, പ്രസ്തുത തുക നാളിതു വരെ ലഭ്യമായിട്ടില്ല.(ഓഡിറ്റ് എൻക്വയറിക്ക് നം.26) എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിരിക്കുന്നു.

തുക എത്രയും വേഗം തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ, മേല്പറഞ്ഞ രണ്ടു കംപ്യൂട്ടറുകളും, ഇതേപ്രോജക്ട് പ്രകാരം, Touch World എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ 3.5 KW Invertor, അതിനുള്ള

Wiring എന്നിവയും, സ്റ്റോക്കിലെടുത്തതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

**1-28 തനത് ഫണ്ടിൽ നിന്നും പദ്ധതിക്കായി കൈപ്പറ്റിയ തുക- ക്രമീകരിച്ചിട്ടില്ല**

തനത് ഫണ്ട് ചെക്ക് നമ്പർ 44629/30.12.19 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി 70,000/- രൂപ കൈപറ്റിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയിൽ പ്രസ്തുത തുക ഗെയിം ഫെസ്റ്റിനായി (പ്രോജക്ട് നം.10/20) ചെലവഴിച്ചിട്ടുള്ളതാണെന്നും വികസന ഫണ്ടിൽ നിന്നും 1,20,000/- രൂപ വകയിരുത്തിയ പദ്ധതിക്ക് ഫണ്ട് ലഭ്യമല്ലാത്തതിനാൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായും അറിയിച്ചിട്ടുണ്ട്. സുലേഖ പത്രികയിൽ ഈ പ്രോജക്ടിന്റെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. തനത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല. തുക വികസന ഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്തിട്ടില്ല. ചെലവ് തുകയ്ക്കുള്ള വൗച്ചറുകൾ സൂക്ഷിച്ചിട്ടുള്ളതായും കോവിഡിനെ തുടർന്നുണ്ടായ തിരക്ക് കാരണം ക്രമീകരിക്കുവാൻ വൈകിയതായും അറിയിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതും ചെലവ് രേഖകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

**1-29 മുൻകൂറുകൾ-ക്രമീകരിച്ചിട്ടില്ല**

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വൗച്ചർ നം | തുക |
|---|---|---|
| ആയുർവേദ ഡോക്ടർ | 21900152/25.5.2019 | 50000 |
| ഐ.സി.ഡി,എസ് സൂപ്പർവൈസർ | 21900153/25.5.2019<br>21900731/19.12.19<br>21900013/7.2.19 | 30000<br>20000<br>10000 |
| ഹെഡ്മിസ്ട്രസ്, പൂവണത്തും മൂട് | 21900154/255,5,19 | 160000 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 21900155/25.5.19 | 25000 |
| അഗ്രികൾച്ചർ ഓഫീസർ | 21900160/31.5.19 | 25000 |
| വെറ്റിനറി സർജൻ | 21900752/27.12.19 | 20000 |
| അസിസ്റ്റന്റ് സെക്രട്ടറി | 21900761/30.12.2019 | 70000 |
| ആകെ | | 4,10,000/- |

അഡ്വാൻസ് രജിസ്റ്ററിൽ 3,18,173/- രൂപ ക്രമീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ക്രമീകരിക്കാതെ അവശേഷിക്കുന്ന 91,827/- രൂപ നാളിതു വരെ ക്രമീകരിക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.36ന് മറുപടി ലഭ്യമാക്കിയില്ല. സ.ഉ (ധന) 419/11 Dated 4.10.11 പ്രകാരം മൂന്നു മാസത്തിൽ കൂടുതൽ കാലമായി ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പിഴ സഹിതം ഈടാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-30 പദ്ധതി ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

പ്രോജക്ട് നമ്പർ - 211/2019-2020

പ്രോജക്ടിന്റെ പേര്- ആരോഗ്യസേന പരിശീലനവും രോഗപ്രതിരോധ പ്രവർത്തനങ്ങളും.
നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി)
അടങ്കൽ തുക – 1,50,000/-

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി) നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിന്റെ സുലേഖ പത്രിക പ്രകാരമുള്ള ചെലവ് 91,285/- രൂപയാണ്. എന്നാൽ, വൗച്ചർ/ ബിൽ രജിസ്റ്റർ പ്രകാരമുള്ള ചെലവ് 1,49,430/- രൂപയാണ്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | 32/08.05.2019 | 21000117 | 19,915/- |

| | | | |
|---|---|---|---|
| 2 | 37/14.06.2019 | 21900204 | 38,230/- |
| 3 | 54/20.09.2019 | 21900462 | 12,960/- |
| 4 | 95/26.03.2020 | 21901236 | 49,180/- |
| 5 | 127/31.03.2020 | 2190127 | 29,145/- |
| | | ആകെ | 1,49,430/- |

പദ്ധതി ചെലവ് രേഖയിലെ വ്യത്യാസം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/2019-2020, 19.07.2021) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് പ്രസ്തുത പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിലെ തനതു ഫണ്ടിൽ നിന്നും അനുവദിക്കപ്പെട്ടതാണ് 19,915/-(ബിൽ നം.32/08.05.2019), 38,230/- (ബിൽ നം.37/14.06.2019) എന്നീ ബില്ല് പ്രകാരമുള്ള തുകകളെന്നും അതിനാലാണ് സുലേഖയിലെ ചെലവ് രേഖയിൽ വ്യത്യാസം വന്നതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. സുലേഖ പത്രികയിൽ ചെലവ് ഉൾപ്പെടുത്താത്തത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 ലാപ് ടോപ്പ് വാങ്ങൽ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച ലാപ്ടോപ്പ് വാങ്ങൽ പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതി നമ്പർ -111/20

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ

പദ്ധതി അടങ്കൽ -4,55,230/-

പദ്ധതി ചെലവ് - 4,54,060/- ബിൽ നമ്പർ 2/22.1.20
പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്ന ഉപഖണ്ഡികകളിൽ ഉൾപ്പെടുത്തുന്നു.

### 1-31-1 ഇൻവോയിസ് തുകയും ബിൽ തുകയും പോരുത്തപ്പെടുന്നില്ല

12.4.2019 ലെ A/62/2019-20 നമ്പർ പ്രകാരം അംഗീകാരം കിട്ടിയ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി Proforma Invoice No TVM/ITBG/P1/RC/11300/19-20 14.11.20 ന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്നും 454060/- രൂപ നൽകി 20 ലാപ് ടോപ്പ് വാങ്ങുകയാണുണ്ടായത്. എന്നാൽ ബിൽ തുക (ഇ.വേ ബിൽ സിസ്റ്റം - തീയതി 3.6.2020 ) 436600/- രൂപയാണ്. ബിൽ തുകയിലെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 33 ന് ലഭ്യമാക്കിയ മറുപടിയിൽ കാരണം അറിയിച്ചിട്ടില്ല. ബിൽ തുകയിൽ കെൽട്രോണിന് അധികം നൽകിയ തുക 17460/- രൂപ തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി തീരുന്നതാണ്.

### 1-31-2 സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണമല്ല.

പ്രോജക്ടുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ലാപ്ടോപ്പ് കൈപ്പറ്റിയ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അതിനാൽ ആർക്കാണ് ആനുകൂല്യം നൽകിയതെന്നോ നൽകിയ തീയതിയോ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. അപാകത ഓഡിറ്റ് എൻക്വയറി 33 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1ആർട്ടിക്കിൾ 152 പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

### 1-31-3 അനർഹർ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

ശ്രീ.ശ്രീതിൻ റ്റി.എസ് എന്ന മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുടെ അപേക്ഷ പരിശോധിച്ചത് പ്രകാരം ടിയാൾ പഴയകുന്നമ്മൽ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ളയാളാണ്. ടി വിദ്യാർത്ഥി 9.10.20 ന് ലാപ്ടോപ്പ് കൈപറ്റിയതായുള്ള കൈപറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അപാകതയ്ക്ക് മറപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 33)ശ്രീ.ശ്രീതിൻ റ്റി.എസ് എന്ന വിദ്യാർത്ഥിക്ക് പഴയകുന്നമ്മൽ ഗ്രാമ

പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിക്കാമെന്നിരിക്കെ പ്രസ്തുത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ നിന്നും പ്രസ്തുത വിദ്യാർത്ഥിക്ക് 2020-21 വരെ ലാപ്ടോപ്പ് ലഭിച്ചിട്ടില്ല എന്നും 2021-22 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും ഉറപ്പാക്കേണ്ടതുണ്ട്.ഇത് കൂടാതെ വാർഡ് 3 ക്രമ നമ്പർ 2 ആയി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. ജ്യോതി.ആർ.എൽ സ്കൂൾ വിദ്യാർത്ഥിയാണ്.സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തലില്ലാത്തതിനാൽ ടിയാൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ടോ എന്ന വിവരം പരിശോധിക്കാനായിട്ടില്ല. 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം.സർക്കാർ നിർദ്ദേശാനുസരണം ഗുണഭോക്താക്കളുടെ അപേക്ഷ സ്വീകരിച്ച് മുൻഗണനാടിസ്ഥാനത്തിൽ മാത്രം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലൂടെ മാത്രമേ പദ്ധതിയുടെ പ്രയോജനം അർഹരായവർക്ക് എത്തിക്കാൻ കഴിയുകയുള്ളൂ. ഇപ്രകാരം ചെയ്യുന്നതിലൂടെ അനർഹർ ലിസ്റ്റിൽ കടന്നുവരുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കുവാൻ കഴിയും. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

<u>1-31-4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടു</u>

12.4.2019 ലെ A/62/2019-20 നമ്പർ അംഗീകാരം കിട്ടിയ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം സംഭവിച്ചിട്ടുണ്ട്. കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തതിൽ കാലതാമസം വന്നിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 15.6.20 ലാപ് ടോപ്പ് ലഭിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകളോടൊപ്പമുള്ള കൈപ്പറ്റ് രസീത് പ്രകാരം ലാപ്ടോപ്പ് 14.8.20 മുതൽ 9.10.20 വരെയുള്ള കാലയളവിലാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളത്. താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് കോഴ്സ് പൂർത്തിയായശേഷമാണ് ആനുകൂല്യം ലഭിച്ചത്.

1. ശ്രീ.ശരണ്യ ദാസ് എന്ന വിദ്യാർത്ഥിയുടെ റ്റി.സി. യിൽ മഹാത്മ ഗാന്ധി കോളേജിൽ നിന്നും 29.6.20 ന് കോഴ്സ് കഴിഞ്ഞിട്ടുണ്ട്. ടിയാൾക്ക് 5.11.20 നാണ് ലാപ്ടോപ്പ് ലഭിച്ചത്.(കൈപ്പറ്റ് രേഖ പ്രകാരം)

2. അപേക്ഷ പ്രകാരം കുമാരി. വിദ്യ. എസ്. എന്ന വിദ്യാർത്ഥി 2019 സെപ്റ്റംബറിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ നിന്നും ( ബാച്ച്ലർ ഓഫ് സയൻസ് ഇൻ നഴ്സിംഗ് ) കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. 28.9.20നാണ് ടിയാൾ കോഴ്സ് പൂർത്തിയാക്കിയത്.

കെൽട്രോണിൽ നിന്നുള്ള കാലതാമസം കാരണമാണ് ലാപ്ടോപ്പുകൾ നൽകാൻ താമസിച്ചതെന്ന് ഓഡിറ്റ് എൻക്വയറി 33 ന് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

സ.ഉ(കൈ)നം 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 13.1 പ്രകാരം പദ്ധതി മോണിറ്ററിംഗ് നടന്നിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-32 ശിശുക്ഷേമ മേഖലയിൽ നിർവ്വഹിച്ച പദ്ധതികൾ</u>

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>1-32-1 പ്രോജക്ട് നിർവ്വഹണത്തിൽ കാലതാമസം നേരിട്ടു</u>

എ)പ്രോജക്ട് നമ്പർ 93/20

ബഡ്സ് സ്കൂളിനാവശ്യമായ പാത്രങ്ങളും കണ്ടെയ്നറുകളും വാങ്ങൽ
പദ്ധതി അടങ്കൽ 50,000/-(ത.ഫ.)
പദ്ധതി ചെലവ് 49,000/-
Cheque No.044934/27.2.20(49000/-)

ബഡ്സ് സ്കൂളിനാവശ്യമായ പാത്രങ്ങളും കണ്ടെയ്നറും, പ്രഷർകുക്കറും വാങ്ങുന്നതിലേക്കായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുമതിയുള്ള സ്ഥാപനത്തിൽ നിന്നും നേരിട്ട് പാത്രങ്ങൾ വാങ്ങാനായിരുന്നു പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നതെങ്കിലും ഫ്യൂച്ചർമാർട്ട്, വെഞ്ഞാറമൂട് എന്ന സ്ഥാപനത്തിൽ 10.2.20 ന് സപ്ലൈ ഓർഡർ നൽകി സാധനം വാങ്ങുകയാണുണ്ടായത്. പദ്ധതിക്ക് 8.5.19 ൽ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും സപ്ലൈ ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

ബി) )പ്രോജക്ട് നമ്പർ 94/20

ബഡ്സ് സ്കൂളിനാവശ്യമായ പഠനോപകരണങ്ങളും ശിശു വിഹാറിനാവശ്യമായ കളിക്കോപ്പുകളും വാങ്ങൽ
പദ്ധതി അടങ്കൽ 75,000/-(ത.ഫ)
ചെലവ് – 42,223/-

Cheque No.2287048/13.3.20

(42223/-)

ബഡ്സ് സ്കൂളിനാവശ്യമായ പഠനോപകരണങ്ങളും ശിശു വിഹാറിനാവശ്യമായ കളിക്കോപ്പുകളും വാങ്ങുന്നതിനായുള്ള ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുമതിയുള്ള സ്ഥാപനത്തിൽ നിന്നും നേരിട്ട് പാത്രങ്ങൾ വാങ്ങാനായിരുന്നു പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. ഡ്രീം ഇൻഡ്യ സ്കൂൾ എന്ന സ്ഥാപനത്തിൽ 6.3.20 ന് സപ്ലൈ ഓർഡർ നൽകി. B-DS 108,109/ 6.3.20 നമ്പർ ഇൻവോയിസുകൾ പ്രകാരം 39491/- രൂപയുടെ കളിക്കോപ്പുകൾ ലഭിച്ചിട്ടുണ്ട്.ബാക്കി തുകയ്ക്ക് ബഡ്സ് സ്കൂളിന് സ്കൂൾ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. പദ്ധതിക്ക് 8.5.19 ൽ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും സപ്ലൈ ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.
അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 25/19-20 ന് മറുപടിയായി ക്വട്ടേഷൻ മുഖാന്തിരം വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹിക്കുന്നതിന് തയ്യാറാകാത്തതിനാലും പദ്ധതി അനിവാര്യമായതിനാലാലുമാണ് കാലതാമസം നേരിട്ടതെന്ന് അറിയിച്ചിട്ടുണ്ട്.

സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 13.1 പ്രകാരം ലെ നിർദ്ദേശ പ്രകാരമുള്ള മോണിറ്ററിംഗ് ഉറപ്പാക്കേണ്ടതുമാണ്.

<u>1-32-2 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്</u>

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതികൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഓഡിറ്റ് എൻക്വയറി 25 പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ബഡ്സ് സ്കൂളിലെ സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ബഡ്സ് സ്കൂൾ, ശിശു വിഹാർ എന്നിവ പ്രവർത്തിക്കാത്തതിനാൽ സ്റ്റോക്കിലെ സാധനങ്ങൾ ഉപയോഗിച്ചിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 2 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

<u>1-33 ഹോളോ ബ്രിക് യൂണിറ്റ് - കുടുംബശ്രീക്ക് യൂണിറ്റ് കൈമാറി - പദ്ധതി പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.</u>

24.9.2018 ലെ 137/2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള 16/347 A നമ്പർ കെട്ടിടത്തിൽ ഹോളോബ്രിക്സ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റിനായി അസിസ്റ്റന്റ് സെക്രട്ടറി വൈദ്യുതി കണക്ഷൻ, യന്ത്ര സാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|
| 145/19-20(സ്പിൽ ഓവർ) MGNREGS ബ്രിക് മേക്കിംഗ് യൂണിറ്റിന് അനുബന്ധ സാമഗ്രികൾ വാങ്ങൽ | 732680/- | 44664/12.12.19<br>44605/12.12.19<br>44597/5.12.19 |

| | | |
|---|---|---|
| | | 44540/30.10.19 |
| 146 /019-20(സ്പിൽ ഓവർ)<br>MGNREGS ബ്രിക് മേക്കിംഗ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ | 108526 | 44864/23.1.20 |

എന്നാൽ

എ)നിർമ്മാണ യൂണിറ്റ് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരങ്ങൾ, ലഭ്യമാക്കിയിട്ടില്ല. നിർമ്മാണ യൂണിറ്റിന്റെ നിലവിലെ പ്രവർത്തനം, മേൽനോട്ടം എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

ബി)നിർമ്മിക്കപ്പെട്ട ഭവന സാമഗ്രികളുടെ ഗുണനിലവാരം, ബലം എന്നിവ പരിശോധിച്ചുറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കിയിട്ടില്ല. ഭരണസമിതിയുടെ 25.5.19 ലെ 5(9) തീരുമാന പ്രകാരം ഹോളോബ്രിക്സ് യൂണിറ്റിൽ നിന്നുള്ള ബ്രിക്സിന് നിലവാരം ഇല്ല എന്ന പരാതിയിൽ സാങ്കേതിക റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എ.ഇ യെചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

സി)ആവശ്യമായ നിർമ്മാണ സാമഗ്രികളുടെ എണ്ണത്തിനനസൃതമായി ഇതിലേക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടില്ല. തനത് ഫണ്ട് ലെഡ്ജർ പരിശോധിച്ചത് പ്രകാരം ഈ ഇനത്തിൽ 36,000/-രൂപയുടെ വരവ് ഉണ്ട്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 26 ഗുണഭോക്താക്കൾക്ക് ഈ യൂണിറ്റിൽ നിന്നും 10 രൂപ നിരക്കിൽ ഹോളോ ബ്രിക്സ് നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ലൈഫ് ഗുണഭോക്താക്കളിൽ 53എസ്.സി. വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെ 155 പേരുണ്ട്. എന്നാൽ അർഹരായ എല്ലാ ഗുണഭോക്താക്കൽക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാനായിട്ടില്ല.

ഡി)ഗ്രാമപഞ്ചായത്തിന് ബ്രിക് യൂണിറ്റ് മുന്നോട്ട് കൊണ്ട് പോകുവാൻ സാധിക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുതയൂണിറ്റ് 24.1.2020 ന് കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്.നിലവിൽ ഈ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്റർ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ്ചുമതല നൽകിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഈ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 35 ന് മറുപടി ലഭ്യമാക്കിയില്ല. മുൻവർഷങ്ങളിൽ ഈ പദ്ധതിക്കായി എൻ.ആർ.ഇ.ജി.എസ് മുഖാന്തിരം ചെലവ് വന്നിട്ടുള്ളതാണെന്നറിയിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ച തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല. കൂടാതെ ഈ യൂണിറ്റിന്റെ പ്രവർത്തനത്തിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ലാത്തതായി ഓഡിറ്റ് എൻക്വയറി 45 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

വൻതുക ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതാണ്. ലൈഫ് ഗുണഭോക്താക്കൾക്ക് സഹായകരമാകുന്നതിനായി ആരംഭിച്ചിട്ടുള്ള ഈ സംരംഭത്തിൽ നിന്നും ലൈഫ് ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ യൂണിറ്റിനായി ചെലവഴിച്ച തുകകൾ പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികൾ, രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. തുടർനടപടികൾ ഓഡിറ്റിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ വർക്കിംഗ ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-33-1 NREGS ബ്രിക് യൂണിറ്റ്- ഇലക്ട്രിഫിക്കേഷൻ- കരാർ ലഭ്യമാക്കിയില്ല.

1. പ്രോജക്ട് നമ്പർ 146 /019-20(സ്പിൽ ഓവർ)

പദ്ധതി അടങ്കൽ - 1,20,140/-

പദ്ധതി ചെലവ് -1,08,526/-(തനത് ഫണ്ട്)

ബിൽ നമ്പർ ചെക്ക് നമ്പർ.44864/23.1.20

പദ്ധതി പ്രകാരം MGNREGS ബ്രിക് മേക്കിംഗ് യൂണിറ്റിന് വൈദ്യുതി കണക്ഷനായി 108526/-(ഫസ്റ്റ് & ഫൈനൽ ബിൽ) ശ്രീ.അനിൽ കുമാർ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ടിയാളുമായി

ഏർപ്പെട്ട കരാർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയോടൊപ്പം കരാർ ലഭ്യമാക്കിയിട്ടില്ല. കരാർ ചമച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കരാർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-33-2 ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക | ചെക്ക് നമ്പർ |
|---|---|---|
| അടങ്കൽ 7,61,565/-<br>(തനത് ഫണ്ട്) | | |
| 145/19-20 MGNREGS ബ്രിക് മേക്കിംഗ് യൂണിറ്റിന് അനുബന്ധ സാമഗ്രികൾ വാങ്ങൽ | 732680/- | 44664/12.12.19<br>120000/-<br>44605/12.12.19<br>105000/-<br>44597/5.12.19-<br>10180/-<br>44540/30.10.19<br>497500/- |

ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടി പ്രകാരം 2,35,180/- രൂപയുടെ സാംഖ്യ ബിൽ കോപ്പി മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. തുക ശ്രീ.എ നാസറുദ്ദീൻ, ശ്രീ. മുഹമ്മദ് അൻസാരി എന്നിവർക്കാണ് നൽകിയത്. എന്നാൽ തുകകൾ എന്താവശ്യത്തിലേക്കാണ് നൽകിയതെന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 7,32,680/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-34 ലൈഫ് ഭവന പദ്ധതി- പരിശോധനാ റിപ്പോർട്ട് സ്റ്റേജ് സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നമ്പർ 34/2018 തീയതി 16.3.018 (11) പ്രകാരം ലൈഫ് ഭവനപദ്ധതി യുടെ ഓരോ സ്റ്റേജിലും ഗുണഭോക്താവിൽ നിന്നും സ്റ്റേജ് സർട്ടിഫിക്കറ്റ് വാങ്ങി ഇതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയാണ് ആനുകൂല്യം നൽകേണ്ടത്. എന്നാൽ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതികളുടെ അപേക്ഷ പരിശോധിച്ചത് പ്രകാരം അപേക്ഷകളോടൊപ്പം സ്റ്റേജ് സർട്ടിഫിക്കറ്റ്, പരിശോധനാ റിപ്പോർട്ട് എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല. അപാകത ഓഡിറ്റ് എൻക്വയറി 4 /2020-21 മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ (വി.ഇ.ഒ 1, വി.ഇ.ഒ.2) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്യുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-35 ബഡ്സ് സ്കൂൾ വാഹനം വാടകയ്ക്കെടുക്കൽ- അപാകതകൾ

പദ്ധതി നമ്പർ 39/19-20

പദ്ധതി അടങ്കൽ-2,68,800/-(തനത് ഫണ്ട്)

പദ്ധതി ചെലവ്-2,56,960/-

ബഡ്സ് സ്കൂൾ വാഹനത്തിന്റെ ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ വാടക ഇനത്തിൽ 1,08,160/- രൂപ നൽകിയിട്ടുള്ളത് ശ്രീ.ഷാജി.എം.എൽ. എന്ന വ്യക്തിക്കാണ്. (കിലോ മീറ്ററിന് 8/- രൂപ നിരക്കിൽ KL 21 B 4254 എന്ന വാഹനത്തിലെ യാത്രയ്ക്ക്). എന്നാൽ പ്രസ്തുത വ്യക്തിയുമായി ഗ്രാമപഞ്ചായത്ത് 2019-20ൽ കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബഡ്സ് സ്കൂൾ രക്ഷിതാക്കളുടെ പരാതിയെ തുടർന്ന് കുറച്ചുകൂടി സൗകര്യമുള്ള വാഹനത്തിനായി 5.8.19 ലെ 2/Icds/Nld 2019-20 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ഭരണ സമിതിയുടെ 4.9.19 ലെ 4(1) തീരുമാന പ്രകാരം ശ്രീ.രാജൻ.എൽ എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിക്കുകയാണുണ്ടായത്. ഒക്ടോബർ മാസം മുതൽ മാർച്ച് മാസം വരെയുള്ള വാഹന വാടകയായി 148800/-രൂപ ടിയാൾക്ക് നൽകിയിട്ടുമുണ്ട്. ടെണ്ടർ നിബന്ധനകൾ പ്രകാരം കരാർ സമർപ്പിക്കുന്ന ആളുടെ ഉടമസ്ഥതയിലായിരിക്കണം വാഹനം എന്നും വാഹനത്തിന്റെ കാലപ്പഴക്കം 7 വർഷത്തിലധികമാകാൻ പാടില്ല എന്നും നിബന്ധന വച്ചിട്ടുണ്ട്. എന്നാൽ കരാറിനോടൊപ്പം സമർപ്പിച്ച വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ടി വാഹനം ശ്രീമതി.ശുഭ.എ.എസ് (W/0 Sujathan) ന്റെ ഉടമസ്ഥതിയിലുള്ളതാണ്. കൂടാതെ വാഹനം രജിസ്റ്റർ ചെയ്തത് 18.2.2005 ലാണ്. അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖാന്തിരം അറിയിച്ചതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി ഏറ്റെടുക്കുവാൻ മറ്റാരും മുന്നോട്ട് വന്നിട്ടില്ലാത്തതിനാൽ അതീവ പ്രാധാന്യമുള്ള പ്രോജക്ട് ആയതിനാലുമാണ് ഇത്തരത്തിൽ ടെണ്ടർ നടപടികളിൽ ഇളവ് വരുത്തിയിട്ടുള്ളത് എന്നറിയിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും കരാറിലേർപ്പെടാതെ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ കരാർ ഇല്ലാതെ വാഹനം വാടകയ്ക്കെടുത്ത നടപടി ശരിയല്ല .കൂടാതെ ടെണ്ടർ നിബന്ധന പാലിച്ചിട്ടുണ്ടോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയിട്ടുമില്ല. മുപ്പതോളം പേർ പഠിക്കുന്ന ബഡ്സ് സ്കൂളിന് നാളിതു വരെ അംഗീകാരം ലഭിക്കുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ പൂർത്തിയായിട്ടില്ല. ഇതിലേക്കായി 27.1.2016 ൽ സാമൂഹിക നീതി വകുപ്പിന് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. ബഡ്സ് സ്കൂൾ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ബഡ്സ് സ്കൂളിലേക്കായി വാഹനം വാങ്ങുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രമിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | ഹരിത ഭവനം | 35000 | 35000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | ലൈഫ് | 618251 | 618251 | 0 |
| | | ലൈഫ് (എസ്.സി) | 1076895 | 1076895 | 0 |
| | | സ്നേഹസ്പർശം | 418000 | 418000 | 0 |
| | | ആകെ | 2148146 | 2148146 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | ലൈഫ് | 719708 | 719708 | 0 |
| | | ലൈഫ് (എസ്.സി) | 443105 | 443105 | 0 |
| | | സ്നേഹസ്പർശം | 495000 | 333000 | |
| | | പാലിന് സബ്സിഡി | 485814 | 485814 | |
| | | കളിസ്ഥലം | 500000 | | |
| | | ഏലാത്തോട് വികസനം | 500000 | | |
| | | ആകെ | 6801440 | 1981627 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 137360 | ലഭ്യമല്ല | ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ജി.ഒ. (എം.എസ്)100/2018 തീയതി 30.07.2018 | 2,54,40,000 | 1,38,95,700 | 17,35,295 | | 2,37,04,705 |

ലോൺ രജിസ്റ്റർ എഴുതി പരിപാലിച്ചിട്ടില്ല. ആയത് എഴുതി പരിപാലിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപ തുക | മെച്യൂരിറ്റി തീയതി | ലഭിച്ച പലിശ | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | 15,49,016/- | | | |

*നിക്ഷേപ സർട്ടിഫിക്കറ്റ് കോടതിയിൽ സറണ്ടർ ചെയ്തിരിക്കുന്നതിനാൽ മറ്റു വിവരങ്ങൾ ലഭ്യമായിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയാണ് നിക്ഷേപ തുകയായി ചേർത്തിട്ടുള്ളത്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2018-2019 | 1-16 | 2020-2021 | 1-16 | ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നത് സംബന്ധിച്ച് | |
| 2018-2019 | 1-18 | 2020-2021 | 1-18 | രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | |
| 2018-2019 | 1-22 | 2020-2021 | 1-22 | ഫയലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | മറുപടി ലഭിച്ചു |

## 4-8 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,57,81,457/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,90,02,639/- |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,32,680/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33-2 | 7,32,680 | ശ്രീ.സജുകുമാർ.വി.എസ്, അസിസ്റ്റന്റ് സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| | ശ്രീ.സജുകുമാർ.വി.എസ് | | എസ്.വി.നിവാസ്, വെഞ്ഞാറമൂട്, വെഞ്ഞാറമൂട് പി.ഒ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം ജിപി 10/1255/2018 തീയതി 14.06.2018 | 3 |
| 2009-10 | | 1 |
| 2010-11 | | 7 |
| 2011-12 | എൽ.എഫ്.റ്റിഡി. ജിപി 10/629/14 തീയതി 22.04.2015 | 18 |
| 2012-13 | എൽ.എഫ്.റ്റിഡി. ജിപി 10/692/15 | 19 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ജിപി 10/1373/2016 തീയതി 01.08.2016 | 17 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജിപി 10/2233/2016 തീയതി 09.02.2018 | 9 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജിപി 10/19/2017 തീയതി 19.10.2017 | 22 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജിപി 10/2347/2018 തീയതി 15.02.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10.459/2020 തീയതി 29.05.2020 | 42 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്